# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)929/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുക്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവുക്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുക്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)929/22 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 18-05-2022 | 25-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-05-2022 | 25-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനു പി കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ ഹരീഷ് ബാബു.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി കെ വേലായുധൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീ അനിൽകുമാർ എൻ | സെക്രട്ടറി | 01-04-2020 | 11-06-2020 |
| ശ്രീ മണികണ്ഠൻ സി | സെക്രട്ടറി | 12-06-2020 | 04-02-2021 |
| ശ്രീ പ്രസാദ് പി എൻ | സെക്രട്ടറി | 05-02-2021 | 31-03-2021 |
| ശ്രീമതി സോണിയ മുരുകേശൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിജു ബേബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ ടി പി ജോമോൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 27-10-2020 |
| ശ്രീ വിനോദ് വി ഡി | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്ജ്) | 28-10-2020 | 11-11-2020 |
| ശ്രീ സുരേഷ്കുമാർ പി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്ജ്) | 12-11-2020 | 31-03-2021 |
| ശ്രീ ജോർജ്ജ് കെ കെ | കൃഷി ഓഫീസർ | 01-04-2020 | 04-06-2020 |
| ശ്രീമതി അഞ്ജു പോൾ | കൃഷി ഓഫീസർ | 05-06-2020 | 15-09-2020 |
| ശ്രീമതി മനോജ് ജോസഫ് | കൃഷി ഓഫീസർ | 16-09-2020 | 31-03-2021 |
| ശ്രീമതി ആഷാ പോൾ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ സുബിൻ കൃഷ്ണൻ ടി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ ലെന മേരി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ വിനോദ് പൌലോസ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ശ്രീമതി ജെല്ലൂഷിൻ | ഐ.സി.ഡി.എസ്. | 01-04-2020 | 04-11-2020 |

| | | | |
|---|---|---|---|
| തോമസ് | സൂപ്പർവൈസർ | | |
| ശ്രീമതി സുനിത സുരേന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05-11-2020 | 31-03-2021 |
| ശ്രീമതി നിഷ പി എം | വി.ഇ.ഒ(വടവുകോട്) | 01-04-2020 | 31-03-2021 |
| ശ്രീമതി ജിഷ പി എം | വി.ഇ.ഒ(പുത്തൻകുരിശ്) | 01-04-2020 | 31-03-2021 |
| ശ്രീമതി നിഷ പി എം | വി.ഇ.ഒ(അമ്പലമേട്) | 01-04-2020 | 30-09-2020 |
| ശ്രീ ടെസ് ടെറീറ്റ മേരി | വി.ഇ.ഒ(അമ്പലമേട്) | 01-10-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 21-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 21-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 21-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Hareesh Babu .N (Asst. Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 25-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 21-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-10 |
| 12 | ഗ്രാമസഭ<br>Written By: Hareesh Babu .N (Asst. Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-11 |
| 13 | വസ്തു നികുതി -അപാകതകൾ<br>Written By: Swapna.V (Auditor, On 24-05-2022)<br>Last Updated By: Hareesh P.R (Auditor, On 08-08-2022) | 1-12 |
| 14 | വസ്തു നികുതി - റവന്യൂറിക്കവറി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Swapna.V (Auditor, On 24-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-12-1 |
| 15 | വസ്തു നികുതി-സർവീസ് ചാർജ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്<br>Written By: Swapna.V (Auditor, On 24-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-12-2 |
| 16 | വസ്തുനികുതി-പുതിയ ഉപയോഗ ക്രമങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: Swapna.V (Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-12-3 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യ്ത് ഈടാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| | Written By: Swapna.V (Auditor, On 24-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-14 |
| 19 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-14-1 |
| 20 | റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-14-2 |
| 21 | മൂലധന നിക്ഷേപത്തിനാനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-14-3 |
| 22 | പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-14-4 |
| 23 | പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-15 |
| 24 | വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-15-1 |
| 25 | ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-15-2 |
| 26 | വാടക കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-15-3 |
| 27 | എല്ലാ വാടകക്കാരുമായും കരാർ ചമച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-15-4 |
| 28 | ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകൾ നിരസിച്ചത് - ചട്ട പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-16 |
| 29 | ഓഡിറ്റോറിയം & ഹാൾ വാടക – അടിസ്ഥാന രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-17 |
| 30 | കെ എം എസ് സി എല്ലിൽ നിന്നും മരുന്ന് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Sheheer (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-18 |

| | | |
|---|---|---|
| 31 | ലേലം ചെയ്ത വാഹനത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ തന്നെ നിലനിൽക്കുന്നു<br>Written By: P.K.Minu (Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-19 |
| 32 | സമഗ്രമായ പ്രൊജക്ട് വിഭാവനം ചെയ്യാതെ പാർക്ക് നിർമ്മാണം.<br>Written By: Shaiju Mathew (Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-20 |
| 33 | കുഴിക്കാട് -വരിക്കോലി റോഡ് അറ്റകുറ്റപ്പണികൾ- പൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല.<br>Written By: Shaiju Mathew (Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-21 |
| 34 | മരാമത്ത് പ്രവൃത്തികളുടെ കുറഞ്ഞ പൂർത്തീകരണ ശതമാനം.<br>Written By: Shaiju Mathew (Audit Officer, On 25-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-22 |
| 35 | നിർവ്വഹണം തുടങ്ങാത്ത മരാമത്ത് പ്രവൃത്തികൾ<br>Written By: Shaiju Mathew (Audit Officer, On 25-05-2022)<br>Last Updated By: Hareesh P.R (Auditor, On 08-08-2022) | 1-23 |
| 36 | ടെണ്ടർ ഫീ അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 25-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-24 |
| 37 | തൊഴിലുറപ്പ് - മെറ്റീരിയൽ സപ്ലൈ - നിയമാനുസൃത നികുതികൾ ഈടാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-25 |
| 38 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-26 |
| 39 | ഐ.കെ.എം ന് തുക നൽകിയത്-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-27 |
| 40 | ഫർണീച്ചർ വാങ്ങൽ-അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 24-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-28 |
| 41 | ടെണ്ടറിംഗ് നടപടിയിലെ അപാകത മൂലം അധികം തുക നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 24-05-2022)<br>Last Updated By: Hareesh P.R (Auditor, On 08-08-2022) | 1-29 |
| 42 | തെരുവ് വിളക്കുകൾ വാങ്ങിയത്-സർക്കാർ നിർദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-30 |
| 43 | തുടർ സാക്ഷരത- ലക്ഷ്യം കൈവരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-31 |
| 44 | തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരം ഹാജരാക്കേണ്ടതാണ്<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-32 |
| 45 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല -തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 25-05-2022)<br>Last Updated By: Hareesh P.R (Auditor, On 08-08-2022) | 1-33 |
| 46 | സാമൂഹ്യസുരക്ഷപെൻഷൻ -മരണപ്പെട്ടവരുടെ പെൻഷൻവിതരണത്തിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 25-05-2022)<br>Last Updated By: Hareesh P.R (Auditor, On 08-08-2022) | 1-34 |
| 47 | സർക്കാർ ധനസഹായത്തിൽ വാങ്ങിയ ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് | 1-35 |

| | | |
|---|---|---|
| | ലഭിക്കുന്നില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 25-05-2022)<br>Last Updated By: Hareesh P.R (Auditor, On 08-08-2022) | |
| 48 | ബയോഗ്യാസ് പ്ലാന്റ് പുറ്റുമാന്തൂർ-പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-36 |
| 49 | ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം<br>Written By: Kavitha S Kannan (Senior Grade Auditor, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-37 |
| 50 | പകൽവീട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-05-2022)<br>Last Updated By: Asad N.E (Computer Assistant, On 06-08-2022) | 1-38 |
| 51 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചാത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല<br>Written By: P.K.Minu (Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 1-39 |
| 52 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായില്ല.<br>Written By: P.K.Minu (Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 1-40 |
| 53 | വിതരണം ചെയ്ത മുഴുവൻ കന്നുകുട്ടികളെയും ഇൻഷ്വർ ചെയ്തില്ല<br>Written By: P.K.Minu (Audit Officer, On 25-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 1-41 |
| 54 | ഓഡിറ്റ് ഇംപാക്ട്<br>Written By: Swapna.V (Auditor, On 24-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 1-42 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Kavitha S Kannan (Senior Grade Auditor, On 24-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kavitha S Kannan (Senior Grade Auditor, On 24-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Asad N.E (Computer Assistant, On 05-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 24-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 23-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24.03.2020 തീരുമാനം (1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 16.02.2021 ൽ 1ാം നിശ്ചയ പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 353057137.27/-രൂപയും ചെലവ് 348862500/-രൂപയുമാണ്.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 353057137.27 | 177391378 |
| ചെലവ് | 348862500 | 168598973 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ കാര്യമായ അന്തരമുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 04.06.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

വിവിധ സംയുക്ത പ്രൊജക്ടുകൾക്ക് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ/പൂർണ്ണമായി ചെലവഴിക്കാതെ, സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

13-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

A) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

B) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നൽകിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ചു നൽകേണ്ടതുമാണ്.

C) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നൽകേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

D) സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വർഷാവസാനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ച തുകയടക്കം 22,25,000/- രൂപ തിരിച്ചടക്കാതെ അവശേഷിക്കുന്നു. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം 320700204 എന്ന ഹെഡിൽ 2015-16 സാമ്പത്തിക വർഷം ഒ.ഡി.എഫ് ഇനത്തിൽ ലഭിച്ച 8,25,000/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം 320700304 എന്ന ഹെഡിൽ 14,00,000/- രൂപ ബയോ കമ്പസ്റ്റർ എന്ന പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2017-18 ൽ ലഭിച്ച തുകയാണ്. ഈ തുകയും നാളിതു വരെയും ചെലവഴിച്ചിട്ടില്ല.

2) ബാലൻസ് ഷീറ്റിൽ 320800101 എന്ന ഹെഡിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 2017-18 ൽ പിരിച്ച 1333978/- രൂപ നീക്കിയിരുപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക നാളിതു വരെയും ചെലവഴിച്ചിട്ടില്ല.

3) ബാലൻസ് ഷീറ്റ് B9 സ്റ്റേറ്റ്മെന്റ് പ്രകാരം 350200201 ഹെഡിൽ VAT ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള 76,859/- രൂപ നാളിതു വരെയും ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയിട്ടില്ല.

4) ബാലൻസ് ഷീറ്റ് B9 സ്റ്റേറ്റ്മെന്റ് പ്രകാരം 350200203 ഹെഡിൽ KCWWF ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള 37420/- രൂപ നാളിതു വരെയും ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയിട്ടില്ല.

6) Joint Venture സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ മുന്നിരിപ്പ് തുകയായ 35815/- രൂപ തന്നെയാണ് നീക്കിയിരുപ്പായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

7) Other Advance(ഹെഡ്-460100199) എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 690342/- ബി.പി.സി.എല്ലിൽ നിന്നും ലഭിച്ചിട്ടുള്ള തുകയാണ്. എന്നാൽ ഈ തുക R&P സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
9) കെ.എസ്.ഇ.ബിയിൽ തൻവർഷം നിക്ഷേപിച്ചിട്ടുള്ള 326662/- രൂപയുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35052209.27 |
| ഓഡിറ്റ് വർഷത്തെ വരവ് | 177391378.00 |
| ആകെ | 212443587.27 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 168598973.00 |
| നീക്കിയിരിപ്പ് | 43844614.27 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 793569.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷവരവ്(എ.സി.ആർ പ്രകാരം) | ആകെ | ചെലവ്(എ.സി. ആർ പ്രകാരം) | നീക്കിബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ)* | 0 | 12112443 | 12112443 | 12112443 | 0 |
| *വികസനഫണ്ട് (എസ്.സി.പി.) | 0 | 10868463 | 10868463 | 10868463 | 0 |
| *വികസനഫണ്ട് (റ്റി.എസ്.പി) | 0 | 328396 | 328396 | 328396 | 0 |
| *സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11631754 | 11631754 | 11631754 | 0 |
| *സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3663702 | 3663702 | 3663702 | 0 |
| *13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 8374904 | 8374904 | 8374904 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1.ഐ.സി.ഡി.എസ് | 2745177 | 1081377 | 3826554 | 456759.17 | 3369794.83 |
| 2. എൻ.ആർ.ഇ.ജി.എസ് | 16052 | 590628 | 606680 | 589315 | 17365 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1.വിമുക്തി | 30915 | 0 | 30915 | 25000 | 5915 |
| 2.ലൈബ്രറി ഗ്രാന്റ് | 19690 | 40200 | 59890 | 30700 | 29190 |
| 3.സാക്ഷരത | 160974 | 4999 | 165973 | 0 | 165973 |
| 4.ശുചിത്വ മിഷൻ | 2018690 | 3221609 | 5240299 | 244151 | 4996148 |
| 5.ബഡ്സ് സ്കൂൾ | 1255040 | 1258615 | 2513655 | 1977858 | 535797 |
| 6.ബി പി സി എൽ (സിഎസ്ആർ) | 2946219 | 29391966 | 32338185 | 15132885 | 17205300 |
| 7.ഫിലിപ്പ്സ് കാർബൺ(സിഎസ്ആർ) | 1962500 | 2000000 | 3962500 | 1822926 | 2139574 |
| 8.ദുരിതാശ്വാസ നിധി | 13128 | 408 | 13536 | 0 | 13536 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 390 | 358189043 | 260 | 134911501 | 107 | 23 | 66.70 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 16052 | 590628 | 606680 | 589315 | 17365 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14747316 | 14747316 | 14747316 | 0 |
| | 16052 | 15337944 | 15353996 | 15336631 | 17365 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 120 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 4261300 | 265 |
| വിധവാപെൻഷൻ | 7872100 | 520 |
| വാർദ്ധക്യകാലപെൻഷൻ | 18725000 | 1293 |
| വികലാംഗപെൻഷൻ | 2802000 | 235 |
| വിവാഹധനസഹായം | 60000 | 181 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 803600 | 51 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.05.2022 ഉച്ചകഴിഞ്ഞ് 3 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59459/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി കൃത്യമായി കൈകാര്യം ചെയ്തുപോരുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ എത്തുന്ന അപേക്ഷകൾ അതത് ദിവസം തന്നെ സെക്ഷനുകളിലേക്ക് എത്തുന്നുണ്ട്. പഞ്ചായത്തിൽ പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ നടത്തുകയും, പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. മീറ്റിംഗിന്റെ മിനിറ്റ്സുകളിൽ വിവരങ്ങൾ രേഖപ്പെടുത്തിപ്പോരുന്നുണ്ട്. പഞ്ചായത്തിൽ നിന്നും വിവിധ സേവനങ്ങൾ ആവശ്യപ്പെട്ടുവരുന്ന പൊതുജനങ്ങൾക്ക് മികച്ച സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ഒരുക്കിയിട്ടുണ്ട്.

വൗച്ചറുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തെ വൗച്ചറുകൾ മികച്ച രീതിയിൽ സൂക്ഷിക്കുന്നുണ്ട്. വൗച്ചറിനൊപ്പം ചെലവ് രേഖകൾ ഉൾപ്പെടുത്തി ഫയൽ ചെയ്യുന്നുണ്ട്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും 20-21 ൽ തൊഴിൽ നികുതി ഈടാക്കിയ മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) എൻജിനീയേഴ്സ് ഇന്ത്യ ലിമിറ്റഡ്, അമ്പലമുകൾ,
2) ഡോൺ ഇന്റർ നാഷണൽ സ്കൂൾ, വെള്ളൂർക്കര
3)തെള്ളകത്ത് ഇൻഡസ്ട്രീസ്, പുത്തൻകുരിശ്.

രജിസ്റ്ററുകൾ വിവരങ്ങൾ പൂർണ്ണമായും ചേർത്ത് സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.02.2021 | ഒക്ടോബർ 2020 മുതൽ ഡിസംബർ 2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.08.2017മുതൽ 11.09.2017 വരെ | 2010- 11 മുതൽ 2014-15 വരെ | 22.09.2017 |

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളാണുള്ളത്. 2020-21 ൽ കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് ഗ്രാമസഭ ചേർന്നിട്ടില്ല. 2020 ജനവരി മാസത്തിലെ ഗ്രാമസഭ 2020-21 വർഷത്തെ ജനകീയാസൂത്രണപദ്ധതിരൂപീകരണവും, എൻ.ആർ

ഇ.ജി.എസ് 2020-21 വാർഷിക കർമ്മ പദ്ധതി – ലേബർ ബഡ്ജറ്റ് അംഗീകരിക്കലും ആണ് ചെയ്തിരിക്കുന്നത്. നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും യോഗങ്ങളിൽ പരമാവധി ആളുകളെ പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്.

ഗ്രാമസഭ നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

09.02.2020 ൽ ചേർന്ന 5-ാം വാർഡിലെ ഗ്രാമസഭ മിനിറ്റ്സിൽ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 28.12.19 ൽ കനാൽ വൃത്തിയാക്കുന്ന പണിയിൽ വ്യാപൃതരായ തൊഴിലുറപ്പ് തൊഴിലാളികളെ ADS വാർഷിക പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനായി വാർഡ് മെമ്പർ നേരിട്ടെത്തി പണി നിർത്തിവയ്ക്കാൻ നിർദ്ദേശിക്കുകയും തൊഴിലാളികൾ അതിന് നിർബന്ധിതരാവുകയും ചെയ്തുവെന്നും, അതിനാൽ ഒരു ദിവസം മുഴുവൻ ജോലി ചെയ്യെങ്കിൽ മാത്രം ലഭ്യമാകുന്ന കൂലി തൊഴിലാളികൾക്ക് നഷ്ടപ്പെടാൻ വാർഡ് മെമ്പറുടെ ഈ പ്രവൃത്തി ഇടയാക്കിയെന്നും ഇത്തരം പ്രവണതകൾ ഒഴിവാക്കണമെന്നും എം.എ.മോഹനൻ, കോരത്തുങ്കൽ വീട് എന്ന വ്യക്തി ഗ്രാമസഭയിൽ പരാതിപ്പെട്ടിരുന്നു. പരാതിയിൽ തീർപ്പ് കൽപിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിക്ക് വിട്ടുന്നതായി ഗ്രാമസഭ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പിന്നീട് നടന്ന പഞ്ചായത്ത് കമ്മിറ്റികളിൽ ഇക്കാര്യം ചർച്ച ചെയ്തതായി കാണുന്നില്ല. ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന വിഷയങ്ങൾ പഞ്ചായത്ത് കമ്മിറ്റി ചർച്ച് ചെയ്ത് ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കുകയും തദ്വാരാ ഗ്രാമസഭകൾ കൂടുതൽ സജീവമാക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി -അപാകതകൾ

A)സഞ്ചയയിൽ നിന്നുള്ള നികുതി നിർണയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ അപാകതയുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) സ്റ്റാർ ഹോട്ടൽ നിലവാരത്തിൽ പ്രവർത്തിക്കുന്ന ലൗഡൻസ് ബാർ ഹോട്ടലിന്റെ എയർ കണ്ടീഷനിംഗ് സൌകര്യം നികുതി വർദ്ധനവിൽപെടുത്തിയിട്ടില്ല. (2011 ലെ വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം6 പട്ടിക-8 പ്രകാരം നിഷ്കർഷിക്കുന്ന 15% വർദ്ധനവ് വരുത്താതെയാണ് അടിസ്ഥാന നികുതി നാളിതുവരെ നിർണയിച്ചീടാക്കിയിട്ടുള്ളത്.

| സ്ഥാപനം/ കെട്ടിട നം | കാലപ്പഴക്കം | വിസ്തീർണം | ബാധകമായ നികുതി നിരക്ക് |
|---|---|---|---|
| ലൌഡൻസ്ബാർ, കരിമുഗൾ/2/758 | 20 വർഷം | ഒന്നാം നില-863.81m2, രണ്ടാം നില - 776.46m2 | 80/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.34/24.5.2022) ലഭ്യമായ മറുപടിയിൽ

ക്രമ നം. 1 ൽ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും ബാധകമല്ല എന്നും ആയത് ബാധകമായ ഏരിയക്ക് മാത്രമായി അധിക നികുതി ഈടാക്കുന്നതിന് നിലവിൽ സോഫ്റ്റ് വെയറിൽ സംവിധാനം ഇല്ലാത്തതിനാലാണ് ടി വിവരം സഞ്ചയയിൽ രേഖപ്പെടുത്താതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

കേന്ദ്രീകൃത എയർ കണ്ടീഷനിങ് സംവിധാനം ബാധകമായ ഏരിയക്ക് കണക്കാക്കി വാർഷിക വസ്തുനികുതിയിൽ ഉൾപ്പെടുത്തി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. സോഫ്റ്റ് വെയറിലെ അപാകത പരിഹരിക്കുന്നതിന് ഐ.കെ.എം മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

B)സഞ്ചയയിൽ നിന്നുള്ള നികുതി നിർണയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കുറവുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു

1) 100 ച.മീറ്ററിന് മുകളിൽ വിസ്തീർണമുള്ള ഹോട്ടൽ എന്നതിന് പകരം 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ എന്ന ഗണത്തിൽപെടുത്തി കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി സഞ്ചയയിൽ രേഖപ്പെടുത്തി. തന്മൂലം നികുതി നിരക്കിൽ വ്യത്യാസം വരുകയും ച.മീറ്ററിന് 60/- രൂപ ഈടാക്കേണ്ട സ്ഥാനത്ത് 50/- രൂപ ഈടാക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം/ വിസ്തീർണം | ഉടമ | കെട്ടിടത്തിന്റെ ഉപയോഗം | ഈടാക്കിയ വസ്തുനികുതി @50 (ബാധകമായ 10% ഇളവ് / 20%വർദ്ധനവ്, 5%ഗ്രന്ഥ ശാലാ വരിഉൾപ്പെടെ )/രസീത് നം/തീയതി | ഈടാക്കേണ്ട വസ്തുനികുതി @60 (ബാധകമായ 10% ഇളവ്/ 20%വർദ്ധനവ്, 5%ഗ്രന്ഥശാലാ വരിഉൾപ്പെടെ ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| 12/182 1358.06 M2 | സി കെ ഷാജി , ചൂണ്ടയിൽ വീട് റോയ് കെ വർഗീസ്, കാരിക്കോട്ടിൽ | ബാർ /ഹോട്ടൽ (KABANI REGE NCY) | 1358.06*50= 67903- 6790.3+ 13580.6= 74694+ 3735= 78429/- (120020 105510/ 26.2.21) | 1358.06*60= 81484- 8148.4+ 16296.8= 89633+ 4482= 94115/- | 15686/- |

2) 100 ച.മീറ്ററിന് മുകളിൽ വിസ്തീർണമുള്ള ഗോഡൗൺ എന്നതിന് പകരം 100 ച,മീറ്റർ വരെ വിസ്തീർണമുള്ള ഗോഡൗൺ എന്ന ഗണത്തിൽപെടുത്തി കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായിട്ടാണ് സഞ്ചയയിൽ രേഖപ്പെടുത്തിയത്. തന്മൂലം നികുതി നിരക്കിൽ വ്യത്യാസം വരുകയും ച.മീറ്ററിന് 60/-രൂപ ഈടാക്കേണ്ട സ്ഥാനത്ത് 50/-രൂപ ഈടാക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം/ വിസ്തീർണം | ഉടമ | കെട്ടിടത്തിന്റെ ഉപ യോഗം | ഈടാക്കിയ വസ്തുനികുതി@50(ബാധകമായ 10% ഇളവ് / 20%വർദ്ധനവ്, 5%ഗ്രന്ഥശാലാ വരിഉൾപ്പെടെ) രസീത് നം/തീയതി | ഈടാക്കേണ്ട വസ്തുനികുതി @60 (ബാധകമായ 10% ഇളവ് / 20%വർദ്ധനവ്, 5% ഗ്രന്ഥശാലാ വരിഉൾപ്പെടെ ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 14/193 A/ 1215.52 M2 | പി ശ്രീധരൻ, എളമക്കര | ഗോഡൗൺ | 1215.52*50=60776-6077.6+12155.2= 66854 (19440/- രൂപയായി പരിമിത പ്പെടുത്തിയിട്ടുണ്ട്) =19440+972= 20412/- (120020104993 /19.2.2021) | 1215.52*60= 72931-7293.12+ 14586.24= 80224 +4011= 84235/- | 63823/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.34/24.5.2022) ലഭ്യമായ മറുപടിയിൽ ക്രമ നം.2,3 ൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 2012-13 കാലഘട്ടത്തിൽ നടത്തിയ ഡാറ്റാ എൻട്രിയിൽ വന്ന തെറ്റാണ് എന്നും ആയത് തിരുത്തി 2022-23 മുതൽ യഥാർത്ഥ നികുതിനിരക്കിൽ വസ്തുനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2020-21 ൽ നികുതിയിനത്തിൽ കുറവുവന്ന തുക കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-12-1 വസ്തു നികുതി - റവന്യൂറിക്കവറി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വസ്തുനികതി കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | കെട്ടിടനം | ഉടമയുടെ വിവരങ്ങൾ | കുടിശ്ശിക തുക | കുടിശ്ശിക വരുത്തിയ കാലയളവ് | സ്വീകരിച്ച നടപടി |
|---|---|---|---|---|---|
| 1 | 8/506 | വില്ലേജ് ഓഫീസർ പുത്തൻകുരിശ് | 5370/- | 2008-09 To 2017-18 Ist Half | R.R |
| | | | 764/- | 2017-18 IInd Half To2018-19 Ist Half | |
| 2 | 6/401 | വില്ലേജ് ഓഫീസർ വടവുകോട് | 8289/- | 2013-14 To 2018-19 Ist Half | |

നികുതി കുടിശ്ശിക ഈടാക്കിയതിന്റെ വിവരങ്ങൾ (ഈടാക്കിയ കാലയളവ്,തുക) എന്നിവ സഹിതം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/23.5.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ കെട്ടിടങ്ങളുടെ റവന്യൂറിക്കവറി വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-12-2 വസ്തു നികുതി-സർവീസ് ചാർജ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും നൽകുന്ന സേവനങ്ങൾക്കനുസൃതമായി ഗ്രാമപഞ്ചായത്തിന് സർവീസ് ചാർജ് ഈടാക്കാവുന്നതാണ് ചട്ടം-30(1). വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളായ BPCLന്റെ (Bharat Petroleum Corporation Ltd.) ഉടമസ്ഥതയിൽ ആകെ 484 കെട്ടിടങ്ങളും HOCL ന്റെ (Hindustan Organic Chemicals Ltd) ഉടമസ്ഥതയിൽ ആകെ 60 കെട്ടിടങ്ങളും ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

BPCL

| കെട്ടിട നം | എണ്ണം | റിമാർക്സ് |
|---|---|---|
| വാർഡ്-16 (അടൂർ) | | |
| 390A - D | 4 | ഓഫീസ് |
| 560 - 749 | 190 | ക്വാർട്ടേഴ്സ്- (ജ്വാലഗിരി) |
| 774 | 1 | ട്രാൻസിറ്റ് ഹൗസ് |
| 775 | 1 | റിഫൈനറി |
| 781 | 1 | സബ്സ്റ്റേഷൻ |
| 783 | 1 | ട്രാൻസിറ്റ് ഹൗസ് |
| 784 - 785 | 2 | വാഗൺ ലോഡിംഗ് ക്യാബിൻ |
| 786 - 787 | 2 | എൽ പി ജി സബ്സ്റ്റേഷൻ |
| 788 - 797 | 10 | CDUഓപ്പറേറ്റേഴ്സ് ക്യാബിൻ |
| 798 | 1 | SRU സബ്സ്റ്റേഷൻ |
| 799 | 1 | ഫില്ലിംഗ് ഗേറ്റ് |
| 800 | 1 | ഡ്രം പ്ലാന്റ് |
| 801 - 812 | 12 | ടാങ്ക്ഫാം, സബ്സ്റ്റേഷൻസ് |
| 813 -814 | 2 | എക്സ്ചേഞ്ച്ഷെഡ് |
| 815 | 1 | കൂളിംഗ് വാട്ടർട്രീറ്റ്മെന്റ് |
| 816 - 837 | 22 | സെക്യൂരിറ്റി ടവർ, ഫയർ വാട്ടർ പമ്പ് ഹൗസ്,പ്ലാന്റ്, CPPഓപ്പറേറ്റേഴ്സ് ക്യാബിൻ |

| | | |
|---|---|---|
| 838 - 907 | 70 | സബ്സ്റ്റേഷൻസ്, ഓപ്പറേറ്റേഴ്സ് ക്യാബിൻ , വർക്ക് ഷോപ്പ്, റിംഗ്ഷെഡ്, വെയർഹൗസ്, പമ്പ് ഹൗസ് |
| 908 - 1007 | 100 | ക്രൂഡ് ഓയിൽ വൈ റ്റി, ബിറ്റുമിൻ എമൽഷൻ വൈ റ്റി, HSD/HDS/NAFTA/ATF/SKO വൈ റ്റി |
| 1008 - 1023 | 16 | എൽ പി ജി വൈ റ്റി |
| 1024 -1041 | 18 | പ്രൊപ്പിലിൻ വൈ റ്റി, ബെൻസീൻ വൈ റ്റി, ടോലുവിൻ വൈ റ്റി, ARU/SBP/NHT/CCR /VGOവൈ റ്റി, |
| 1042 - 1057 | 16 | റിഫൈനറി |
| വാർഡ് - 14 (അമ്പലമേട്) | | |
| 115 | 1 | ആമാസ് ഹോസ്പിറ്റൽ |
| 116 | 1 | ആമാസ് ബിൽഡിംഗ് എസ്റ്റേറ്റ് |
| 118 | 1 | ചർച്ച് |
| 119 - 126 | 8 | ബോട്ലിംഗ് പ്ലാന്റ് എൽ പി ജി |
| 127 | 1 | കൺട്രോൾ റൂം |
| ആകെ | 484 | |

HOCL (Ward -16)

| ക്രമ നം | കെട്ടിട നം | റിമാർക്സ് |
|---|---|---|
| 1 | 1050 | റസിഡൻസ് |
| 2 | 1060 | സെക്യൂരിറ്റി ഓഫീസ് |
| 3 | 1061 | റ്റീ ബൂത്ത് |
| 4 | 1062 | ട്രെയിനിംഗ് സെന്റർ |
| 5 | 1063 | PTP |
| 6 | 1064 | ഓഫീസ് |
| 7 | 1065 | വേയ് ബ്രിഡ്ജ് |
| 8 | 1066 | വാട്ടർ ടാങ്ക് |
| 9 | 1067 | പമ്പ് ഹൗസ് |
| 10 | 1068 | കാന്റീൻ |
| 11 | 1069 | സബ് സ്റ്റേഷൻ |
| 12 | 1070 | അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് |
| 13 | 1071 | ഫയർ സ്റ്റേഷൻ |
| 14 | 1072 | |
| 15 | 1073 | ക്വാർട്ടേഴ്സ് |
| 16 | 1074 | മെഡിക്കൽ സെന്റർ |
| 17 | 1075 | സെക്യൂരിറ്റി |
| 18 | 1076 | സ്റ്റോർ |
| 19 | 1077 | |
| 20 | 1078 | |
| 21 | 1079 | |
| 22 | 1080 | |
| 23 | 1082 | |
| 24 | 1083 | ടവർ |
| 25 | 1084 | |
| 26 | 1085 | സബ് സ്റ്റേഷൻ |
| 27 | 1086 | |
| 28 | 1087 | പമ്പ് ഹൗസ് |
| 29 | 1088 | പ്ലാന്റ് |
| 30 | 1089 | |
| 31 | 1090 | കംപ്രസർ |

| | | |
|---|---|---|
| 32 | 1091 | മെയന്റനൻസ് ഷോപ്പ് |
| 33 | 1092 | പ്ലാന്റ് |
| 34 | 1093 | ഫില്ലിംഗ് H2O2 |
| 35 | 1094 | ഓപ്പറേറ്റേർസ് ക്യാബിൻ |
| 36 | 1095 | കൺട്രോൾ റൂം |
| 37 | 1096 | സബ് സ്റ്റേഷൻ |
| 38 | 1097 | ഡ്രം ഫില്ലിംഗ് |
| 39 | 1098 | ഡ്രം ഷെഡ് |
| 40 | 1099 | ഓപ്പറേറ്റേർസ് ക്യാബിൻ |
| 41 | 1100 | |
| 42 | 1101 | റസ്റ്റ് റൂം |
| 43 | 1102 | ബോയിലർ |
| 44 | 1103 | വാട്ടർ പ്ലാന്റ് |
| 45 | 1104 | ക്യാബിൻ |
| 46 | 1105 | മെയന്റനൻസ് വർക്ക് ഷോപ്പ് |
| 47 | 1106 | സ്റ്റോർ |
| 48 | 1107 | ക്യാബിൻ |
| 49 | 1108 | പമ്പ് ഹൗസ് |
| 50 | 1109 | കൺട്രോൾ റൂം |
| 51 | 1110 | |
| 52 | 1111 | റ്റീ ബൂത്ത് |
| 53 | 1112 | ഇലക്ട്രിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ റെസ്റ്റ് റൂം |
| 54 | 1113 | MRS |
| 55 | 1114 | CPP |
| 56 | 1115 | PRY |
| 57 | 1116 | ഹോസ്റ്റൽ |
| 58 | 1070 | വർക്ക് ഷോപ്പ് |
| 59 | 1081 | ഗോഡൗൺ |
| 60 | 1085 | കൂളിംഗ് ടവർ |

പൂർണതോതിൽ നൽകപ്പെടുന്ന സേവനങ്ങൾക്ക് വസ്തുനികുതിയുടെ 75ശതമാനവും ഭാഗികമായി നൽകപ്പെടുന്ന സേവനങ്ങൾക്ക് വസ്തുനികുതിയുടെ 50ശതമാനവും സേവനങ്ങൾ ലഭ്യമാക്കിയിട്ടില്ലെങ്കിലും വസ്തുനികുതിയുടെ 33 1/3% ശതമാനവും സർവീസ് ചാർജായി ഈടാക്കാവുന്നതാണ് ചട്ടം-30(2). ഗ്രാമപഞ്ചായത്തിലെ മേൽ സ്ഥാപനങ്ങളിൽ നിന്നും 2020-21സാമ്പത്തിക വർഷത്തിൽ സർവീസ് ചാർജ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/23.5.2022) ലഭ്യമായ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും സർവീസ് ചാർജ് ഈടാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ മേൽ സ്ഥാപനങ്ങളിൽ നിന്നും സർവീസ് ചാർജ് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-12-3 വസ്തുനികുതി-പുതിയ ഉപയോഗ ക്രമങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല

SRO 100/15, തീയതി.25.02.2015 പ്രകാരം കൂട്ടിച്ചേർത്ത ചുവടെപ്പറയുന്ന കെട്ടിടവിഭാഗങ്ങൾക്ക് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല.

1. സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ

2. ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ

3. മൈക്രോ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ

ഹോംസ്റ്റേ, ആയുർവേദ ചികിത്സകേന്ദ്രങ്ങൾ എന്നിവ പഞ്ചായത്ത് പരിധിയിൽ ഇല്ല. എന്നാൽ സ്വകാര്യ ഹോസ്റ്റലുകൾ ഉണ്ട്. അവയെ ലോഡ്ജ് എന്ന ഗണത്തിൽ പെടുത്തി നികുതി ഈടാക്കുന്നതായും കാണുന്നു.ഉദാ:

Ravinas Park, Gents Hostel ഒന്നാം വാർഡായ ബ്രഹ്മപുരത്ത് സ്ഥിതി ചെയ്യുന്നു. സർക്കാർ ഉത്തരവനുസരിച്ച് സ്വകാര്യ

ഹോസ്റ്റലുകളിൽ നിന്നും പരമാവധി 60/- രൂപ വരെ നികുതി ഈടാക്കാവുന്നതാണെന്നിരിക്കെ 22 മുറികളുള്ള (50A-50N, 50P-50W) ടി കെട്ടിടത്തിൽ നിന്നും ച.മീറ്ററിന് 40/- രൂപ നിരക്കിലാണ് നികുതി ഈടാക്കുന്നത്.

MSME ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിരക്ക് തന്നെയാണ് ചുമത്തുന്നത്. സഞ്ചയ പ്രകാരം പഞ്ചായത്തിൽ 12 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ നിന്നും 25/-രൂപ നിരക്കിലാണ് നികുതി ഈടാക്കുന്നത്.
കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിഭാഗങ്ങൾക്ക് കൂടി ഉചിതമായ നിരക്കിൽ നികുതി നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ലിസ്സ്യ നഗർ പ്രൈ.ഐ.ടി.ഐ , പുത്തൻകുരിശ് | രണ്ട് അർദ്ധവർഷവും | ലഭ്യമായിട്ടില്ല |
| 2 | ഇവലാൻജലൈൻ ബൂത്ത് ജെനറൽ ഹോസ്പിറ്റൽ ,വരിക്കോലി | രണ്ട് അർദ്ധവർഷവും | ലഭ്യമായിട്ടില്ല |
| 3 | കോട്ട് സോഫ്റ്റ് വെയർ പ്രൈ. ലിമിറ്റഡ് , ഇൻഫോപാർക്ക് | രണ്ടാം അർദ്ധവർഷം | 35 |
| 4 | ട്രിപ്ലക്സ് വാട്ടർ എൻജിനീയറിംഗ് (പ്രൈ.) ലിമിറ്റഡ്,അമ്പലമുകൾ | രണ്ടാം അർദ്ധവർഷം | 13 |
| 5 | അൾട്രാ ആർ.എം.സി റെഡിമിക്സ് കോൺക്രീറ്റ് പ്രൈ ലിമിറ്റഡ്, | രണ്ടാം അർദ്ധവർഷം | 5 |
| 6 | എച്ച് .ഒ.സി ലിമിറ്റഡ്,അമ്പലമുകൾ | അർദ്ധവർഷം | 387 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/23.05.2022) മറുപടി ലഭ്യമായിട്ടില്ല. മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 03/19.05.2022).

### 1-14-1 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 17 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ള 3743 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1856 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 160 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 3 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 211 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യുവൽ സ്റ്റേഷൻ | 26 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 177 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 576 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 182 |
| | 2 | ഇതര വ്യവസായം | 540 |

| | | | |
|---|---|---|---|
| | 3 | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 12 |

എന്നാൽ 2020-21 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 631 എണ്ണം (846 കെട്ടിടങ്ങളിലായി) മാത്രമാണ്. ഇതിൽ 2000 ൽ പരം കെട്ടിടങ്ങളും റിഫൈനറി, എച്ച് ഒ സി, എഫ് എ സി ടി, ബി ഡി പി പി എന്നീ കമ്പനികളുടെ ഉടമസ്ഥതയിലുള്ളതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14-2 റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിലെ ക്രമ നം. 149, 132, 139 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും കള്ള് ഷാപ്പുകൾക്കും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് അവശ്യമാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14-3 മൂലധന നിക്ഷേപത്തിനാനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള ലൈസൻസ് ഫീസുകൾ പഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട് (16.07.2018 ലെ 4-ാം നമ്പർ കമ്മറ്റി തീരുമാനം). ആയത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിനാനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | വെൽടെക്ക് ഇൻഡസ്ട്രീസ് | വിൽസൺ കെ ചാക്കോ | 5 | അഞ്ച് വർഷത്തേക്ക് 2000/- രൂപ (5*400) | കെ എസ് പി സി ബി സർട്ടിഫിക്കറ്റ് പ്രകാരം (ഫയൽ നം. 7215465/13.05.2018) ഉല്പാദന മേഖലയിലുള്ള ടി സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 19.14 ലക്ഷം രൂപയാണ്. ഈടാക്കേണ്ട ലൈസൻസ് ഫീസ് – 2500/- രൂപ (5*500) |
| 2 | അലീന ഫുഡ് | ടെൽമ മേരി കെ ജെ | 11 | അഞ്ച് വർഷത്തേക്ക് 2500/- രൂപ (5*500) | കെ എസ് പി സി ബി സർട്ടിഫിക്കറ്റ് പ്രകാരം (ഫയൽ നം. 10359073/04.07.2019) ഉല്പാദന മേഖലയിലുള്ള ടി സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 29.15 ലക്ഷം രൂപയാണ്. ഈടാക്കേണ്ട ലൈസൻസ് ഫീസ് – 5000/- രൂപ (5*1000) |
| 3 | കണ്ണൻ ഇന്റീരിയർ വർക്ക്സ് | രവി എ കെ | 18 | അഞ്ച് വർഷത്തേക്ക് 1000/- രൂപ (5*200) | കെ എസ് പി സി ബി സർട്ടിഫിക്കറ്റ് പ്രകാരം (ഫയൽ നം. 10282460/31.03.2019) ഉല്പാദന മേഖലയിലുള്ള ടി സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 3.15 ലക്ഷം രൂപയാണ്. ഈടാക്കേണ്ട ലൈസൻസ് ഫീസ് – 1750/- രൂപ (5*350) |
| 4 | കബാനി റീജൻസി റസ്റ്റോറന്റ് & ബാർ | സി കെ ഷാജി | 120 | 5000 | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം 762 ലക്ഷം<br>ഉത്പാദന മേഖല – 48.56 ലക്ഷം.<br>സേവന മേഖല - 99.25 ലക്ഷം<br>ഈടാക്കേണ്ട ലൈസൻസ് ഫീസ്<br>ഉത്പാദന മേഖല – 1000/- രൂപ<br>സേവന മേഖല – 5000/- രൂപ |

മേൽ സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിനാനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കാത്തിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം ലൈസൻസ് ഫീസിൽ കുറവ് വന്ന മുഴുവൻ തുകയും (4750/- രൂപ) ഈടാക്കി.

## 1-14-4 പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2020-21 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരിമുഗൾ, കുഴിക്കാട്, കാണിനാട്, പുത്തൻകുരിശ് എന്നീ സ്ഥലങ്ങളിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 81 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 39 കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബാക്കി 42 കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുഴിക്കാട് ഷോപ്പിംഗ് കോംപ്ലക്സിലെ 25 കടമുറികളും കരിമുഗൾ ഷോപ്പിംഗ് കോംപ്ലക്സുകളിലെ 16 കടമുറികളും കാണിനാട് ഷോപ്പിംഗ് കോംപ്ലക്സിലെ 5 കടമുറികളും പുത്തൻകുരിശ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ 35 കടമുറികളും ഉൾപ്പെടെ 81 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിട വാടക രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 17/25.05.2022).

## 1-15-1 വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-2 ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ്

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതാണ്. വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഫോറം III ന്റെ മാതൃകയിലുള്ളതല്ല. വാടക മുറിയുടെ വിസ്തീർണ്ണം, അതിരുകൾ, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവയുടെ വിശദാംശങ്ങൾ കരാർ പത്രങ്ങളിൽ ഉൾപ്പെടുത്തുന്നില്ല. വാടകക്കാരൻ കടമുറി എന്താവശ്യത്തിനാണ് എടുക്കുന്നതെന്ന് കരാർ പത്രത്തിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ എന്ത് ആവശ്യങ്ങൾക്കാണ് മുറി ഉപയോഗപ്പെടുത്തുന്നതെന്ന് പരിശോധിക്കാൻ കഴിയാതെ വരുന്നുണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-15-3 വാടക കുടിശ്ശിക നിലനിൽക്കുന്നു

വാടക രജിസ്റ്റർ പ്രകാരം കെട്ടിട വാടക ഇനത്തിൽ 235002/- രൂപ കുടിശ്ശികയുണ്ട്. ഇതിൽ 202272/- രൂപ വികോസ് എന്ന വികലാംഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ വാടക കുടിശ്ശികയാണ്. ടി കുടിശ്ശിക ഒഴിവാക്കി നൽകുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ച് (തീരുമാനം നം. 14(1)/30.06.2021) സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. വാടക ഇനത്തിലെ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-4 എല്ലാ വാടകക്കാരുമായും കരാർ ചമച്ചിട്ടില്ല

വാടകക്കാരുമായുള്ള കരാറുകൾ പരിശോധിച്ചതിൽ കുഴിക്കാട് ഷോപ്പിംഗ് കോംപ്ലക്സിലെ 3 കടമുറികളിലെ (കെട്ടിട നം. 14/354, 14/358, 14/372) വാടകക്കാരുമായും കരിമുഗൾ ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു വാടകക്കാരനുമായും ( കെട്ടിട നം. 2/702) പുത്തൻകുരിശ് ഷോപ്പിംഗ് കോംപ്ലക്സിലെ നാല് വാടകക്കാരുമായും ( കെട്ടിട നം. 8/427 മുതൽ 8/430 വരെ, 8/1019, 8/1020, 8/1032D) നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറുകൾ ചമച്ചതായി കാണുന്നില്ല. മേൽ കടമുറികളിലെ വാടകക്കാരുമായ് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറുകൾ ചമച്ച് വിവരം അറിയിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകൾ നിരസിച്ചത് - ചട്ട പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല

2020-21 ലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകൾ നിരസിച്ചതായി കാണുന്നു.

| ക്രമ നം. | കറന്റ് നം./തീയതി | അപേക്ഷകന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 3495/20/27.08.2020 | റോയ് എ ജാക്കോബ്, അറയ്ക്കാകുടിയിൽ | ഉപയോഗ ക്രമം - പാർപ്പിടം |
| 2 | 3770/20/22.09.2020 | ടി എം കുര്യാകോസ്, തറേപറമ്പിൽ | ഉപയോഗ ക്രമം - വാണിജ്യം |

മേൽ കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്നുള്ള അനുമതിയില്ലാതെ പൂർത്തീകരിക്കുകയും കെട്ടിട നമ്പറിനായി ഉടമസ്ഥർ ക്രമവൽക്കരണത്തിന് അപേക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ നിന്നും യു എ നമ്പർ അനുവദിച്ചതായോ അനുമതിയില്ലാതെ പൂർത്തീകരിച്ച കെട്ടിടമായതിനാൽ പഞ്ചായത്ത് രാജ് നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. ആയതിന് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/21.05.2022) ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തിയാക്കിയ മേൽ കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യു, 235 എഎ പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഓഡിറ്റോറിയം & ഹാൾ വാടക – അടിസ്ഥാന രേഖകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയം, ഹാളുകൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഓഡിറ്റോറിയം & ഹാളിന്റെ പേര് | നിശ്ചയിച്ച വാടക (പഞ്ചായത്ത് കമ്മറ്റി തീരുമാനം നം.) |
|---|---|---|---|
| 1 | 7/247A | പോൾ പി മാണി ഓഡിറ്റോറിയം | വാടക – ജനറൽ : 24000/- രൂപ, എസ് സി/എസ് ടി : 20000/- രൂപ (പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 11(3)/06.10.2020) |
| 2 | 12/219 | കരിമുഗൾ മിനി സ്റ്റേഡിയം | വാടക – ജനറൽ : 2600/- രൂപ, എസ് സി/എസ് ടി : 1300/- രൂപ (പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 5(1)/08.09.2021) |
| 3 | 2/919 | കരിമുഗൾ കമ്മ്യൂണിറ്റി ഹാൾ | വാടക – ജനറൽ : 6000/- രൂപ, എസ് സി/എസ് ടി : 3000/- രൂപ (പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 17(1)/12.07.2019) |
| 4 | | കാളവയൽ ഗ്രൗണ്ട് | വാടക – 350/- രൂപ |
| 5 | 14/378A | കുഴിക്കാട് ഷോപ്പിംഗ് കോംപ്ലക്സ് ഹാൾ | വാടക – 2500/- രൂപ |
| 6 | 8/147 | പന്നിക്കുഴി കമ്മ്യൂണിറ്റി ഹാൾ | വാടക - ജനറൽ :3000/- രൂപ, എസ് സി/എസ് ടി : 1500/- രൂപ |
| 7 | | കാണിനാട് മിനി സ്റ്റേഡിയം (പുതുക്കി പണിയുന്നു) | വാടക – 350/- രൂപ |
| 8 | 11/364 | പുറ്റുമാനൂർ കമ്മ്യൂണിറ്റി ഹാൾ | വാടക – 350/- രൂപ |
| 9 | | കാണിനാട് ഗ്രൗണ്ട് | വാടക – 350/- രൂപ |
| 10 | 5/87 | കുറ്റ കമ്മ്യൂണിറ്റി ഹാൾ | വാടക – ജനറൽ : 5000/- രൂപ, എസ് സി/എസ് ടി : 2500/- രൂപ (പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 11(1)/06.10.2020) |
| 11 | 9/41A | മൊതാൽച്ചിറ ഹാൾ | വാടക – ജനറൽ : 4000/- രൂപ, എസ് സി/എസ് ടി : 2000/- രൂപ (പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 11(2)/06.10.2020) |
| 12 | 13/528B | വേള്ളൂർ കമ്മ്യൂണിറ്റി ഹാൾ | വാടക – ജനറൽ : 3000/- രൂപ, എസ് സി/എസ് ടി : 1500/- രൂപ (പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 11(3)/06.10.2020) |

പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റോറിയം & ഹാൾ വാടക ഇനത്തിൽ 342346/- രൂപ (RP-3) വരവുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

1. ഓഡിറ്റോറിയം & ഹാൾ നടത്തിപ്പിനായുള്ള ബൈലോ.
2. ഓഡിറ്റോറിയം & ഹാൾ വാടകയുടെ ഡി സി ബി രജിസ്റ്റർ, അപേക്ഷകൾ (അപേക്ഷകർ എസ് സി/എസ് ടി വിഭാഗക്കാരാണെങ്കിൽ ആയതിന്റെ രേഖകൾ).

മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/23.05.2022) ഓഡിറ്റോറിയം & ഹാൾ നടത്തിപ്പിനായുള്ള അംഗീകൃത ബൈലോ ഇല്ലായെന്നും, ഡി സി ബി രജിസ്റ്റർ തയ്യാറാക്കി

അറിയിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഓഡിറ്റോറിയം & ഹാൾ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഓഡിറ്റോറിയം & ഹാൾ വാടക രജിസ്റ്റർ, അപേക്ഷകൾ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയം & ഹാളുകൾ എന്നിവയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 കെ എം എസ് സി എല്ലിൽ നിന്നും മരുന്ന് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം. 144, സാന്ത്വന പരിചരണം പ്രൈമറി

ബിൽ നം. 13/27.03.2021, തുക – 46264/- രൂപ

കെ എം എസ് സി എൽ പ്രൊഫോർമ ഇൻവോയ്സ് നം. PRF6028/08.03.2021

മേൽ പദ്ധതി പ്രകാരം കിടപ്പ് രോഗികൾക്കാവശ്യമായ മരുന്നുകൾ/സാധനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 46264/- രൂപ കെ എം എസ് സി എല്ലിന് (അക്കൗണ്ട് നം. 3624001800000019) മാറി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ ഒറിജിനൽ ഇൻവോയ്സുകൾ, മരുന്ന് സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/25.05.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ/സാധനങ്ങൾ ലഭ്യമായതിന്റെ ഒറിജിനൽ ഇൻവോയ്സുകൾ, മരുന്ന് സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ഈ ഇനത്തിലുള്ള 46264/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ലേലം ചെയ്ത വാഹനത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ തന്നെ നിലനിൽക്കുന്നു

പഞ്ചായത്ത് വക KL 17 D1293 ആംബുലൻസ് 12.01.21ലെ B1-5007/2020 നമ്പർ ലേല നോട്ടീസ് പ്രകാരം 22.01.21ൽ നടത്തിയ ലേലത്തിൽ ശ്രീ.ബോബി.കെ.തങ്കച്ചൻ ,കൊച്ചുകുന്നേൽ ,പൊറ്റാശ്ശേരിൽ, പാലക്കാട് എന്ന വ്യക്തി ലേലത്തിൽ വിളിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇദ്ദേഹം ₹184450/-ന് ലേലം ഉറപ്പിച്ച് വാഹനം സ്വന്തമാക്കിയെങ്കിലും രേഖകൾ പ്രകാരം നിലവിലും വാഹനത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിനാണ് നിലനിൽക്കുന്നത്. ഇത്തരം കൈമാറ്റം പഞ്ചായത്തിന് ഭാവിയിൽ ബുദ്ധിമുട്ടുണ്ടാക്കാനിടയുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 2) ലഭ്യമാക്കിയ മറുപടിയിൽ വാഹനത്തിന്റെ ഉടമസ്ഥാവകാശം കൈമാറുന്ന മുറയ്ക്ക് മാത്രമേ ജാമ്യനിക്ഷേപം തിരിച്ച നൽകൂ എന്ന വ്യവസ്ഥയിൽ ജാമ്യനിക്ഷേപം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും, ഉടമസ്ഥാവകാശം മാറ്റുന്ന വിഷയത്തിൽ എത്രയും വേഗം നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സമഗ്രമായ പ്രൊജക്റ്റ് വിഭാവനം ചെയ്യാതെ പാർക്ക് നിർമ്മാണം.

2018-19 വർഷത്തിൽ പ്രൊജക്റ്റ് നം.305/19നമ്പരായി വടയമ്പത്തൂമല പാർക്ക് നിർമ്മാണം എന്ന പ്രൊജക്റ്റ് വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 15,00,000രൂപ യുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യൽ,കരിങ്കൽ കെട്ട് എന്നീ പ്രവൃത്തികൾ നടത്തുകയും ഇതിനായി 13,66,240രൂപ 2020-21വർഷത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 2020-21 വർഷത്തിൽ വിഭാവനം ചെയ്ത വടയമ്പത്തൂമല പാർക്ക് നിർമ്മാണം രണ്ടാം ഘട്ടം എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ചുറ്റുമതിൽ നിർമ്മാണം,കരിങ്കൽ കെട്ട് എന്നിവയ്ക്കായി 20,79,217രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം 34,45,457രൂപ ആകെ ചെലവഴിച്ചിരിക്കുന്ന ഈ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

പാർക്ക്നിർമ്മാണം സംബന്ധിച്ച സമഗ്രമായ പ്രൊജക്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഈ പ്രൊജക്റ്റിന് എത്ര തുക ചെലവാകുമെന്നും/വകയിരുത്തണമെന്നും,എന്തൊക്കെ പ്രവൃത്തികളാണ് പാർക്കിൽ ചെയ്യേണ്ടതെന്നും സംബന്ധിച്ച വിലയിരുത്തൽ ഇല്ല. പാർക്കിന്റെ നടത്തിപ്പ്,പരിപാലനം എന്നിവ സംബന്ധിച്ചും പാർക്കിൽനിന്നും പ്രതീക്ഷിക്കുന്ന വരുമാനം എന്നിവ സംബന്ധിച്ചുമുള്ള വിവരങ്ങളും വിഭാവനം ചെയ്തിട്ടില്ല. പാർക്ക് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന വർഷവും കണക്കാക്കിയിട്ടില്ല. പാർക്കുമായി ബന്ധപ്പെട്ട സമഗ്രമായ പ്രൊജക്റ്റിന്റെ അഭാവത്തിൽ ഓരോ വർഷവും ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കി വരിക മാത്രമാണ് ചെയ്യുന്നത്. ലക്ഷ്യബോധമില്ലാതെ നടപ്പിലാക്കുന്ന ഈ പ്രവൃത്തികൾ പണത്തിന്റെ പാഴ്ച്ചെലവ് മാത്രമായി പരിണമിക്കുന്നതിനുള്ള സാധ്യത വളരെയധികമാണ്. ആയതിനാൽ തന്നെ പ്രൊജക്റ്റ് സംബന്ധിച്ച് സമഗ്രമായ പദ്ധതിരേഖ തയ്യാറാക്കിമാത്രം ഈ പ്രൊജക്റ്റ് നടപ്പിലാക്കുന്നവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.(പദ്ധതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/21.5.2022ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല)

## 1-21 കുഴിക്കാട് -വരിക്കോലി റോഡ് അറ്റകുറ്റപ്പണികൾ- പൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല.

2018-19 വർഷത്തിൽ പ്രൊജക്റ്റ് നം.181/2019ആയി വിഭാവനം ചെയ്ത ഈ പ്രവർത്തിക്ക് 4,75,00,000രൂപയുടെ ഭരണാനുമതിയും ചീഫ് എഞ്ചിനീയറുടെ പക്കൽനിന്നും അതേ തുകക്കുള്ള സാങ്കേതീകാനുമതിയും ലഭിച്ചിട്ടുണ്ട്. ബി.പി.സി.എൽ കമ്പനിയിൽനിന്നുള്ള സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രൊജക്റ്റാണിത്. ഈ പ്രവൃത്തിക്ക് 22.11.2018ന് പ്രീ ക്വാളിഫിക്കേഷൻ ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത

കരാറുകാരനായ ഡീൻസ് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന് പ്രവർത്തി നൽകുകയും ചെയ്തു. കരാറുകാരനുമായി 8.5.2019ന് (4/AE/LSGD/PTZ/19-20) കരാർ ഉടമ്പടി ചമച്ച ഈ പ്രവർത്തിയുടെ സ്ഥലം 8.5.2019 ന് തന്നെ കരാറുകാരൻ കൈമാറിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ടെൻഡർ പരസ്യം പ്രകാരം അനുവദിച്ചിരിക്കുന്ന പൂർത്തീകരണ സമയം 6മാസമാണ്. ഈ പ്രവൃത്തിക്ക് നാളിതുവരെ താഴെ പറയും പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.

| വർഷം | തുക | ചെക്ക് നം |
|---|---|---|
| 2019-20 | 5,07,500രൂപ | ----- |
| | 49,00,000 രൂപ | 955012/27.2.20 |
| | 4742500 | 955011 /27.2.2020 |
| 2020-21 | 5000000രൂപ | ------ |
| ആകെ | 151,50,000രൂപ. | |

ഇത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിന് താല്പര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(14/21.5.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

1)പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് 31.3.2021വരെയാണെങ്കിലും നാളിതുവരെ പ്രവർത്തി പൂർത്തീകരിച്ചതായോ,തുക നൽകിയതായോ കാണുന്നില്ലാത്തതിന്റെ കാരണം. അളവ് പുസ്തകത്തിലെ (നം.242/21) പേജ് നം 26പ്രകാരം 10.6.2021ന് 230,18,976.75രൂപ മൂല്യം വരുന്ന പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചതായി കാണുന്നത്.

2)മുകളിൽ പറഞ്ഞ തുകകളിൽ 2019-20വർഷത്തിൽ നൽകിയ 101,50,000 ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.2.2020ലെ 1(10) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിലും 2020-21വർഷത്തിൽ നൽകിയ 50,00,000 രൂപ ഭരണസമിതിയുടെ 27.4.2020ലെ 2/8തീരുമാന പ്രകാരവും നൽകിയതായാണ് കാണുന്നത്. അളവ് പുസ്തകത്തിൽ രേഖപ്പെത്തലുകൾ നടത്താതെയും, ബില്ലുകൾ തയ്യാറാക്കാതെയും ഭരണസമിതി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തുക നൽകുവാനുണ്ടായ കാരണം. ഇക്കാര്യത്തിൽ നടന്ന വകുപ്പുതല അന്വേഷണത്തിന്റെ വിവരങ്ങൾ.

2)പ്രവൃത്തി പൂർത്തീകരണത്തിന്/തുക നൽകുന്നതിന് നിലവിൽ നിലനിൽക്കുന്ന തടസ്സങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ ആയവയുടെ വിവരങ്ങൾ.

മുകളിൽ പറഞ്ഞ എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വകുപ്പ് തല അന്വേഷണവിവരങ്ങളും പ്രവൃത്തിയുടെ നിലവിലെ ഘട്ടവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികളുടെ കുറഞ്ഞ പൂർത്തീകരണ ശതമാനം.

2020-21 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തികളുടെ എണ്ണവും ചെലവ് തുകയും | |
|---|---|---|
| | എണ്ണം | അടങ്കൽ /ചെലവ് തുക(രൂപയിൽ) |
| ആകെ വിഭാവനം ചെയ്ത പ്രവൃത്തികൾ | 238 | 2039,08,995(അടങ്കൽ) |
| നടപ്പിലാക്കിയ പ്രൊജക്ടുകൾ | 155 | 82326008(ചെലവ്) |
| വിഭാവനം ചെയ്തതിലെ തൻവർഷ പ്രൊജക്ടുൾ | 41 | 36445445അടങ്കൽ) |
| നടപ്പിലാക്കിയവയിലെ തൻവർഷ പ്രൊജക്ടുകൾ | 24 | 11783487(ചെലവ്) |
| വിഭാവനം ചെയ്തതവയിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ | 197 | 167463550(അടങ്കൽ) |
| നടപ്പിലാക്കിയവയിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ | 131 | 70542521(ചെലവ്) |

മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയിൽ നിന്നും താഴെ കാണുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

1)ആകെ അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ 65.12 ശതമാനം എണ്ണം മാത്രമാണ് നടപ്പിലാക്കിയ പ്രൊജക്ടുകൾ. അതുപോലെ ആകെ അടങ്കൽ തുകയുടെ 40.37ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

2)തൻവർഷം നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളിൽ 84.52ശതമാനവുംസ്പിൽ ഓവർ പ്രവർത്തികളാണ്. ചെലവഴിച്ച തുകയിൽ 85.69ശതമാനം തുകയും ഇവയ്ക്ക് വേണ്ടിയാണ്.

3)നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളിൽ തൻവർഷ പ്രൊജക്ടുകൾ 15.48 ശതമാനം മാത്രവും ഇവക്കായി ചെലവഴിച്ചിരിക്കുന്നത് ആകെ ചെലവ് തുകയുടെ 14.31ശതമാനവും മാത്രമാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന വിധം 2019-20 വർഷത്തിലെ പ്രവൃത്തികൾ സ്പിൽ ഓവറായി വരുവാനുണ്ടായ സാഹചര്യവും 2020-21വർഷത്തെ തൻവർഷ പ്രോജക്ടുകൾ ബഹുഭൂരിപക്ഷവും സ്പിൽ ഓവറാകുന്നതിനുണ്ടായ കാരണവും വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.5.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മരാമത്ത് പ്രവർത്തികൾ ഭൂരിപക്ഷവും സ്പിൽ ഓവറായി വരുന്നത് തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 നിർവ്വഹണം തുടങ്ങാത്ത മരാമത്ത് പ്രവൃത്തികൾ

2020-21ൽ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ. |
|---|---|
| 1 | കുഴിക്കാട് ആശ്രമം എസ്.സി കോളനി റോഡ് ടൈൽ പാകൽ (പ്രൊജക്ട് നം.129/21)<br>എസ്റ്റിമേറ്റ് തുക:124000രൂപ. കരാർ ഉടമ്പടി നം.82/AE/LSGD/PTZ/2020-21 തി.27.10.2020<br>കരാറുകാരന്റെ പേര്:ശ്രീ.മോൻസി അബ്രാഹം. |
| 2 | മണക്കുഴി റോഡ് സൈഡ് കെട്ട് പ്രൊട്ടക്ഷൻ(പ്രൊജക്ട് നം.83/21)<br>എസ്റ്റിമേറ്റ് തുക:330000രൂപ.കരാർ ഉടമ്പടി നം.81/AE/LSGD/PTZ/2020-21 തി.27.10.2020.<br>കരാറുകാരന്റെ പേര്:ശ്രീ.മോൻസി അബ്രാഹം. |

| | |
|---|---|
| 3 | കടമ്പേത്തുമൂല കക്കട്ടായം തോട് ഫുട്പാത്ത് കവർ സ്ലാബ് നിർമ്മാണം.(പ്രൊജക്ട് നം.442/21)എസ്റ്റിമേറ്റ് തുക:750000രൂപ.കരാർ ഉടമ്പടി-111/AE/LSGD/PTZ/2020-21 തി 6.2.2021 കരാറുകാരൻ:ശ്രീ.കെ.പി.ബെന്നി. |
| 4 | ചേമ്പിയത്തിൽതാഴെ റോഡ് ഫോർമേഷൻ,സൈഡ് പ്രൊട്ടക്ഷൻ. (പ്രൊജക്ട് നം.446/21)എസ്റ്റിമേറ്റ് തുക:1000000രൂപ. കരാർ ഉടമ്പടി-68/AE/LSGD/PTZ/2020-21 തി 21.10.2020 കരാറുകാരൻ:ശ്രീ.കെ.പി.ബെന്നി. |

ഈ പ്രോജക്ടുകളെല്ലാം 2021-22 വർഷത്തിൽ സ്പിൽ ഓവറായി വെക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/22.5.2022)മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇവയിൽ ചേമ്പിയത്തിൽതാഴെ റോഡ് ഫോർമേഷൻ, സൈഡ് പ്രൊട്ടക്ഷൻ (പ്രൊജക്ട്.നം.446/21) എന്ന പ്രവൃത്തിയിലൊഴികെ മറ്റെല്ലാ പ്രവർത്തികളുടെ കാര്യത്തിലും കരാറുകാർ യഥാസമയം പ്രവൃത്തി തുടങ്ങാത്ത കാര്യം അറിയിച്ചുകൊണ്ടുള്ള അസി.എഞ്ചിയീയറുടെ കത്ത് ഫയലിൽ ഉണ്ട്. ഈ പ്രവൃത്തികൾ തുടങ്ങാത്തത് കരാറുകാരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാലാണെങ്കിൽ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ കരാറുകാരന്റെ മേൽ കൈക്കൊണ്ട് പ്രവൃത്തികൾ നടപ്പിലാക്കേണ്ടതാണ്.

## 1-24 ടെണ്ടർ ഫീ അപാകങ്ങൾ

ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഞ്ചിനീയറിംഗ് സെക്ഷനിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്നും ആവശ്യാനുസരണം ലഭ്യമാകുന്ന ടെൻഡർ ഫോറങ്ങൾ കരാറുകാർക്ക് വിൽക്കുകയാണ് ചെയ്ത് വരുന്നത്. ഗ്രാമപഞ്ചായത്ത് ഓഫീസിലും എഞ്ചിനീയറിംഗ് സെക്ഷനിലും ഇ ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഇ ടെൻഡർ ഫീ ലഭ്യമാക്കിയിട്ടില്ല.

ഇ ടെൻഡർ ഫീ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അക്കൗണ്ട് തുറന്നിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം.38775937926,എസ്.ബി.ഐ,പുത്തൻകുരിശ്) ഈ ഇനത്തിൽ തുകയൊന്നും വരവ് വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 2020-21വർഷത്തിൽ മാത്രം 38 പ്രവൃത്തികൾ ഇ ടെൻഡർ ആയി നടത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് ഇനത്തിൽ കോടിക്കണക്കിന് തുക വരവുള്ള ഗ്രാമപഞ്ചായത്തിൽ പ്രവൃത്തികൾ ഉയർന്ന എസ്റ്റിമേറ്റ് തുകക്കുള്ളതായതിനാൽ തന്നെ ടെൻഡർ ഫീ ഇനത്തിലും ഉയർന്ന വരവ് ലഭ്യമാകേണ്ടതാണ്. ഉദാഹരണമായി 44,00,000രൂപ എസ്റ്റിമേറ്റ് തുകയുള്ള കുഴിക്കാട് -വരിക്കോലി റോഡ് സൈഡ് സംരക്ഷണം എന്ന പ്രവൃത്തിയുടെ ഇ ടെൻഡറിൽ മാത്രം 6 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ഈ ഇനത്തിൽ മാത്രം 15,000രൂപ(2500x6) ലഭ്യമാകേണ്ടതുണ്ട്. അതുപോലെ 2018-19വർഷത്തിൽ ടെൻഡർ നടത്തിയതും 6 കരാറുകാർ പങ്കെടുത്തതുമായ 417,37,931 രൂപ എസ്റ്റിമേറ്റ് തുകയുള്ള കുഴിക്കാട് -വരിക്കോലി റോഡ് അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തിയുടെ ഇ ടെൻഡർ ഫീ ഇനത്തിൽമാത്രം 45000രൂപ ലഭിക്കേണ്ടതുണ്ട്. ഇത്തരത്തിൽ മുൻവർഷങ്ങളിലേതുൾപ്പെടെയുള്ള ഇ ടെൻഡർ ഫീ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സെലക്ഷൻ നോട്ടീസിൽ അവശ്യവിവരങ്ങൾ ഉൾക്കൊള്ളിക്കുന്നില്ല.

ടെൻഡർ നടപടികളുടെ ഭാഗമായി കരാറുകാരന് അയക്കുന്ന സെലക്ഷൻ നോട്ടീസിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം,കരാർ ഉടമ്പടി ചമക്കേണ്ട അവസാന തീയതി ,നോട്ടീസ് അയക്കുന്ന തീയതി എന്നിവ ചേർക്കുന്നില്ല. തീയതികൾ ചേർക്കാത്തതിനാൽ നോട്ടീസ് ലഭിച്ച് നിയമാനുസൃത സമയപരിധിയിൽ കരാർ ഉടമ്പടി ചമച്ചിട്ടുണ്ടോയെന്ന് മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല.

## 1-25 തൊഴിലുറപ്പ് - മെറ്റീരിയൽ സപ്ലൈ - നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട GST ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി/<br>എം ബുക്ക് നം. | കരാറുകാരൻ | മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST (2%) | തുക അനുവദിച്ച തീയതി |
|---|---|---|---|---|
| ഇടയത്ത് റോഡ് കട്ടവിരിയ്ക്കൽ,03/20-21 | രവി എം എ | 286122 | 5722 | 23.11.2020 |
| മൂപ്ലാശ്ശേരിത്താഴം നായർകുളം റോഡ് കട്ടവിരിയ്ക്കൽ,39/20-21 | ആൽബർട്ട് ചെറിയാൻ | 269211 | 5384 | 15.12.2020 |
| മത്തോക്കിത്താഴം ചെറുതോട്ടിൽ റോഡ് സംരക്ഷണം,59/19-20 | ടി പി മത്തായി | 297290 | 5946 | 24.09.2020 |
| മനയ്ക്കത്താഴം റോഡ് കാന നിർമ്മാണം,40/20-21 | ടി പി മത്തായി | 318034 | 6361 | 02.01.2021 |
| ആകെ | | | 23413 | |

ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.11/20.05.2022)മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ നിയമനുസൃത നികുതികൾ ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിവിധ കരാറുകാരിൽ നിന്നും ഈടാക്കാനുള്ള 23413/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | മൊതാൽ സാംസ്കാരിക നിലയം കുടിവെള്ള കണക്ഷൻ, 414/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 364000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | 302000(ബിൽ നം/തീയതി-1094420/16.02.2021) |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ളം ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി,കൊച്ചി-18 ഡിവിഷനിലേക്ക് മേൽപ്പറഞ്ഞിട്ടുള്ള രീതിയിൽ തുക നിക്ഷേപിച്ചിരുന്നു. എന്നാൽ ഈ പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ മുഴുവൻ തുകയും വിനിയോഗിച്ചതിന്റെ വിവരവും ഹാജരാക്കിയിട്ടില്ല. ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.13/21.05.2022)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വാട്ടർ അതോറിറ്റിയോട് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടതായും ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ 302000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 ഐ.കെ.എം ന് തുക നൽകിയത്-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഐ.കെ.എം വിഹിതം നൽകൽ, 02/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 100000(വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം | 87468/-,ബിൽ നം,തീയതി. 201205520/20-21,02.02.2021 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ആയത് ഐ.കെ.എമ്മിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ എത്രയും വേഗം ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.5/19.05.2022) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നൽകിയില്ല. ഐ.കെ.എമ്മിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 87468/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28 ഫർണീച്ചർ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 27/21<br>വിവിധ കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണീച്ചർ വാങ്ങൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ തുക | 700000 (തനത് ഫണ്ട്) |
| ചെലവ് വിവരം | 399815/-<br>ചെക്ക് നം.091256/തീയതി.11.10.20, 399815/- |

വിവിധ വാർഡുകളിലെ കമ്മ്യൂണിറ്റി ഹാളുകളിൽ ഫർണീച്ചറുകൾ വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. പ്രധാനമായും ഫോൾഡിംഗ് ടേബിൾ, കസേര, പോഡിയം എന്നിവ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടത്. ആയതു പ്രകാരം ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 1) കീർത്തി മാർക്കറ്റിംഗ്, നീലേശ്വരം, കാലടി,2) കെ.പി.എം എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി, 3) ദീപം എന്റർപ്രൈസസ്, മാമംഗലം, പാലാരിവട്ടം, കൊച്ചി 4)കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്, തലയാഴം, വൈക്കം എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിക്കുകയും 25.09.2020 ലെ 1-ാം നമ്പർ തീരുമാന പ്രകാരം കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും ഫർണീച്ചറുകൾ വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച ടെണ്ടറുകളുടെ വിശദമായ പരിശോധന നടത്താതിരുന്നത് കാരണവും, സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കുകളുടെ താരതമ്യ പത്രിക തയ്യാറാക്കാതിരുന്നത് കാരണവും അധിക തുക ഫർണീച്ചർ വിതരണം ചെയ്ത കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സിന് നൽകാനിടയായിട്ടുണ്ട്.

| ക്രമ. നം | സ്ഥാപനം | ക്വോട്ട് ചെയ്ത നിരക്ക് | | | ആകെ |
|---|---|---|---|---|---|
| | | കസേര(എണ്ണം) | പോഡിയം | ഫോൾഡിംഗ് ടേബിൾ | |
| 1 | കീർത്തി മാർക്കറ്റിംഗ് | 389x425=<br>165325 | 6891x6=<br>41346 | 4439x40=<br>177560 | 384231 |
| 2 | കെ.പി.എം എന്റർപ്രൈസസ് | 317x425=<br>134725 | 17900x6=<br>107400 | 3140x40=<br>125600 | 367725 |
| 3 | ദീപം എന്റർപ്രൈസസ് | 289x425=<br>122825 | 15500x6=<br>93000 | 3790x40=<br>151600 | 367425 |
| 4 | കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് | 379x425=<br>161075 | 14890x6=<br>89340 | 3735x40=<br>149400 | 399815 |

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ദീപം എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ ഒഴിവാക്കി നാലാം സ്ഥാനത്തുള്ള കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സിന് ടെണ്ടർ അനുവദിച്ച് നൽകിയതിന്റെ കാരണം വ്യക്തമല്ല. ദീപം എന്റർപ്രൈസസ്

എന്ന സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ കാരണവും വ്യക്തമല്ല. ആയത് ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഇപ്രകാരം ടെണ്ടർ അനുവദിച്ച് നൽകിയതിനാൽ ഫർണിച്ചറുകൾ വാങ്ങുന്നതിലേയ്ക്ക് പഞ്ചായത്തിന് കൂടുതൽ തുക (399815-367425=32390) ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(04/19.05.2022)മറുപടി ലഭിച്ചില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ അധികമായി ചെലവായ 32390/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-29 ടെണ്ടറിംഗ് നടപടിയിലെ അപാകത മൂലം അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസ് ഹാൾ നവീകരണം, 236/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 600000(തനത് ഫണ്ട്) |
| നൽകിയ തുക | 205580(നികുതികൾ ഉൾപ്പെടെ) |
| ബിൽ നമ്പർ/തീയതി | 0912336/03.06.2020 |

ഗ്രാമപഞ്ചായത്തിലെ കോൺഫറൻസ് ഹാൾ, മീറ്റിംഗ് ഹാൾ എന്നിവയിലേക്ക് സൗണ്ട് സിസ്റ്റം വാങ്ങുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ സംഭവിച്ച അപാകതകൾ താഴെ ചേർക്കുന്നു.
സൗണ്ട് സിസ്റ്റം വാങ്ങുന്നതിനു വേണ്ടി പത്രപ്പരസ്യം നടത്തുകയും ആയതിൻ പ്രകാരം 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്, തലയാഴം, വൈക്കം, കെ.പി.എം എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി, ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം, ടെൽസ്റ്റാർ ടെക്നോളജീസ്, മൂവാറ്റുപുഴ എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങൾ ഓരോ ഇനത്തിനും ക്വാട്ട് ചെയ്ത നിരക്കുകൾ വിശദമായി പരിശോധിക്കാതെയും താരതമ്യ പത്രിക തയ്യാറാക്കാതെയും സൗണ്ട് സിസ്റ്റം വാങ്ങിയതിലൂടെ ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്,തലയാഴം,വൈക്കം, ആർ.ജെ.എന്റർപ്രൈസസ്,കോട്ടയം എന്നീ സ്ഥാപനങ്ങൾ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ ഈ സ്ഥാപനങ്ങളുടെ ടെണ്ടർ നിരസിച്ചിട്ടുണ്ട്. എന്നാൽ താരതമ്യേന കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെ.പി.എം എന്റർപ്രൈസസ്,ചെർപ്പുളശ്ശേരി, ടെൽസ്റ്റാർ ടെക്നോളജീസ്,മൂവാറ്റുപുഴ എന്നിവർ നൽകിയ ക്വട്ടേഷന്റെ താരതമ്യ പത്രിക ചുവടെ ചേർക്കുന്നു.

| | കെ.പി.എം എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി | ടെൽസ്റ്റാർ ടെക്നോളജീസ്, മൂവാറ്റുപുഴ | അധികം നൽകിയ തുക |
|---|---|---|---|
| കോൺഫറൻസ് ഹാൾ സൗണ്ട് സിസ്റ്റം | 173200 | 141310 | 31890 |
| മീറ്റിംഗ് ഹാൾ ഹാൾ സൗണ്ട് സിസ്റ്റം | 55220 | 64270 | 9050 |

മേൽ സൂചിപ്പിച്ചതിൽ ടെൽസ്റ്റാർ ടെക്നോളജീസ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നുമാണ് എല്ലാ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത്. എന്നാൽ കോൺഫറൻസ് ഹാളിൽ വിതരണം ചെയ്ത സൗണ്ട് സിസ്റ്റത്തിന് മാത്രമാണ് അവർ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത്. മീറ്റിംഗ് ഹാളിൽ വിതരണം ചെയ്ത സൗണ്ട് സിസ്റ്റത്തിന് ഉയർന്ന നിരക്കാണ് അവർ ക്വാട്ട് ചെയ്തത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെ.പി.എം എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിക്കാതെയാണ് വാങ്ങൽ നടത്തിയത്. ആയതു കാരണം അധിക തുക നൽകാനിടയായി. മേൽപ്പറഞ്ഞ പ്രകാരം തുക അധികമായി നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.24/23.05.2022)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കോൺഫറൻസ് ഹാളിലും,മീറ്റിംഗ് ഹാളിലും സൗണ്ട് സിസ്റ്റം വാങ്ങുന്ന പ്രവൃത്തി ഒറ്റ പ്രോജക്ട് ആയതിനാലാണ് കുറവ് ടെണ്ടർ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയതെന്ന് വിശദീകരിച്ചു. പഞ്ചായത്ത് ഓഫീസിലെ അടുത്തടുത്ത രണ്ട് ഹാളുകളിൽ മൈക്ക് സിസ്റ്റം സ്ഥാപിക്കേണ്ടതിനാലാണ് ഇത് ഒരേ പദ്ധതിയായി ഏറ്റെടുത്തതെന്നും ഇത് വഴി തുക അധികമായി നൽകുകയോ,ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുകയോ ചെയ്തിട്ടില്ലായെന്ന് അറിയിച്ചു. എന്നാൽ വേണ്ട രീതിയിൽ ടെണ്ടർ പരിശോധിക്കാതിരുന്നതു കാരണം കുറവ് തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടറിന് പകരം ഉയർന്ന തുകയ്ക്കുള്ള ടെണ്ടർ പരിഗണിച്ചത് ശരിയായ നടപടിയല്ല. പൊതു പണം വിനിയോഗിച്ച് ഇത്തരം വാങ്ങലുകൾ നടത്തുമ്പോൾ വാങ്ങുന്നവയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനോടൊപ്പം, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങേണ്ടതാണ്.

## 1-30 തെരുവ് വിളക്കുകൾ വാങ്ങിയത്-സർക്കാർ നിർദേശങ്ങൾ പാലിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ധാരാളം അപാകതകൾ ഉണ്ട്. 2020-21 സാമ്പത്തിക വർഷം 7687823/-യുടെ തെരുവ് വിളക്കുകൾ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| നം. | പ്രൊജക്ട് & അടങ്കൽ | ചെക്ക് നം/തീ | തുക | ഫണ്ട് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 233/21,കുഴീക്കാട് ടൗൺ നവീകരണം സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ, 300000 | 091222/ 10.05.20 | 300000 | തനത് ഫണ്ട് | SIDCO, തിരുവല്ല |
| 2 | 404/21, വാർഡ് 4,മിനിമാസ്റ്റ് സ്ഥാപിക്കൽ, 200000 | 091225/ 10.05.20 | 199998 | തനത് ഫണ്ട് | ,, |
| 3 | 418/21 വാർഡ് 8-പന്നിക്കുഴി ജംഗ്ക്ഷനിലും,ഭണ്ഡാരക്കവലയിലും മിനിമാസ്റ്റ് സ്ഥാപിക്കൽ,200000 | 091228/21.05.20 | 199998 | തനത് ഫണ്ട് | ,, |
| 4 | 29/21, പുത്തൻകുരിശ് ടൌൺ നവീകരണം സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ,1000000 | 091188/ 29.4.20 | 988000 | തനത് ഫണ്ട് | ,, |

| | | | | | |
|---|---|---|---|---|---|
| 5 | 96/21,മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, 1000000 | 091190/ 29.4.20 | 999992 | തനത് ഫണ്ട് | ,, |
| 6 | 417/21,സി.എഫ്.എൽ മാറ്റി എൽ.ഇ.ഡി സ്ഥാപിക്കൽ,2500000 | 091276/4.01.20 | 2499840 | തനത് ഫണ്ട് | ,, |
| 7 | 31/21,സി.എഫ്.എൽ മാറ്റി എൽ.ഇ.ഡി സ്ഥാപിക്കൽ,2500000 | 091175/15.04.20 | 2499995 | തനത് ഫണ്ട് | ,, |
| | | | 7687823 | | |

1)ലോമാസ്റ്റ് ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി ആവശ്യകതയും നിലവിലെ തെരുവ് വിളക്കുകളുടെ സ്ഥിതിയും സംബന്ധിച്ച് കെ.എസ്.ഇ. ബി യുമായി ചേർന്ന് വിശദമായ പഠനം നടത്തിയില്ല. 2010-ലെ പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആ വർഷം വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകതയും, എണ്ണവും, ഇനവും നിശ്ചയിക്കേണ്ടതും അതിന്റെയടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തേണ്ടതുമായിരുന്നു. അത്തരമൊരു നടപടി സ്വീകരിച്ചിട്ടില്ല.
2) പഞ്ചായത്തിൽ പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കെടുത്ത് വിശദ വിവരങ്ങളടങ്ങിയ തെരുവ് വിളക്ക് രജിസ്റ്റർ കെ.എസ്.സി.ബി.യുമായി ചേർന്ന് തയ്യാറാക്കാതെയാണ് തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്.
3) ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം തീരുമാനിക്കുന്നതിന് വൈദ്യുതി ബോർഡുമായി ചേർന്ന് പരിശോധന നടത്തിയില്ല.
4) 2020-21 ൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1248507/- രൂപ കെ.എസ്.ഇ. ബി യിൽ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. എന്നാൽ ചാർജ്ജ് ഒടുക്കിയത് പ്രവർത്തനക്ഷമമായവയ്ക്ക് മാത്രമാണോ എന്ന് ഉറപ്പ് വരുത്തിയില്ല.
5) സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾക്ക് രജിസ്റ്റർ തയ്യാറാക്കിയതിന്റെയും, പോസ്റ്റ് നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെയും വിവരം അറിയിക്കേണ്ടതാണ്.
6)പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പഞ്ചായത്തിൽ തെരുവ് വിളക്കുകൾ വാങ്ങിയിട്ടുള്ളത്.
7) വാങ്ങിയ തെരുവ് വിളക്കുകൾ ഇൻസ്റ്റാൾ ചെയ്തതായി കെ.എസ്.ഇ.ബി-യുടെ സാക്ഷ്യപത്രം ഇല്ല. ഏതെല്ലാം ഭാഗങ്ങളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിച്ചിട്ടില്ല. മേൽപ്പറഞ്ഞിട്ടുള്ള അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.23/23.05.2022)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി അറിയിച്ചു. കൂടാതെ തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ 2022-23 വർഷം സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചു. സർക്കാർ നിർദ്ദേശ പ്രകാരം അപാകതകൾ സംഭവിച്ചിട്ടുള്ളവ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-31 തുടർ സാക്ഷരത- ലക്ഷ്യം കൈവരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | തുടർ സാക്ഷരത,400/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 50000/- (തനത് ഫണ്ട്) |
| ചെലവ് തുക | 20500 |
| ബിൽ നം, തീയതി | 091322/15.08.2020 |

തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി പത്താം തരം, ഹയർസെക്കന്ററി വിഭാഗങ്ങളിലായി യഥാക്രമം 6, 5 പഠിതാക്കളുടെ രജിസ്ട്രേഷന് 20500/- രൂപ തനത് ഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരകിന്റെ അപേക്ഷ പ്രകാരം സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. അതായത് പത്താം തരത്തിലെ തുല്യത പരീക്ഷ പാസാകുന്നതിനായി സാക്ഷരതാ മിഷനിൽ ഒരു പരീക്ഷാർത്ഥിയ്ക്ക് അടയ്ക്കേണ്ട തുക 1750/-രൂപയും,ഹയർ സെക്കന്ററിയിൽ 2200/-രൂപയുമാണ്. ഈ പഠിതാക്കൾ പഠനം പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റിന് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.19/22.05.2022) ലഭിച്ച മറുപടിയിൽ, സാക്ഷരതാ പ്രേരകിനോട് ആവശ്യമായ വിവരങ്ങൾ ഹാജരാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിയ്ക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. പഠിതാക്കൾ പഠനം പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരം ഹാജരാക്കേണ്ടതാണ്

| | | |
|---|---|---|
| പ്രോജക്ട് | 1) കുഴിക്കാട്-സിൽവർവാലി ജംഗ്ഷനുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ,447/21 | 1) വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ,211/21 |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 174590(തനത് ഫണ്ട്) | 150857(തനത് ഫണ്ട്) |
| ചെലവ് വിവരം | 1)174590/-(ചെക്ക് നം/തീയതി-091238/10.06.2020) | 150857(ചെക്ക് നം/തീയതി-091236 /10.06.2020) |

ഗ്രാമപഞ്ചായത്തിലെ കുഴിക്കാട്-സിൽവർവാലി ജംഗ്ഷനുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിനും, വിവിധ

വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനുമായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ടുകൾ. ഇതനുസരിച്ച് ആദ്യ പ്രോജക്ട് പ്രകാരം രണ്ട് മിനിമാസ്റ്റ് ലൈറ്റുകൾ തിരുവല്ലയിലുള്ള സിഡ്കോയിൽ നിന്ന് വാങ്ങി കിഴക്കമ്പലം കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. രണ്ടാമത്തെ പ്രോജക്ട് പ്രകാരം സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി,പെരുമ്പാവൂർ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 31.12.2019 ലെ എ.എസ്.നം.15/പി.പി.എസ്/ഡി.ബി-15/19-20/751 കത്ത് പ്രകാരം കിഴക്കമ്പലം,കെ.എസ്.ഇ.ബി അസി.എഞ്ചിനിയർ ഓഫീസിൽ 150757/-രൂപ നിക്ഷേപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ കിഴക്കമ്പലം,കെ.എസ്.ഇ.ബിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 15.09.2011 ലെ നം.3055/ഡി.എ3/2011 സർക്കുലറിലെ നിർദ്ദേശ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രമേ തെരുവ് വിളക്കുകൾ സ്ഥാപിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) തെരുവ് വിളക്കുകൾ ലഭ്യമായതും, വിതരണം ചെയ്തതും സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ
2) തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ചുള്ള കെ.എസ്.ഇ.ബിയിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്
3) തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിൽ മാറ്റം വന്നിട്ടുണ്ടോ എന്നുള്ള വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.
4) തെരുവ് വിളക്കുകളുടെ സ്ഥിതിവിവരകണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ കൂടി ഓഡിറ്റിന് നൽകേണ്ടതാണ്.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.06/19.05.2022)ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ സമർപ്പിക്കാമെന്നും വിശദീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 325447/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിക്കുന്ന രജിസ്റ്ററോ,ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റോ,എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചപ്പോൾ വൈദ്യുതി ചാർജ്ജിനത്തിൽ അടയ്ക്കേണ്ടുന്ന തുകയിൽ കുറവ് വന്നതിനെക്കുറിച്ചോ മറുപടിയിൽ വിശദീകരിച്ചിട്ടില്ല. മുകളിൽപ്പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല -തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി 103/21(SO) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1417810<br>833961/- ( എസ്.സി.പി )<br>583849/- (തനത് ഫണ്ട്) |
| ചെലവ്/ ബിൽ നമ്പർ | 647613/- ( എസ്.സി.പി )<br>1)17/11.04.20-63669/-<br>2)18/11.04.20- 58000/-<br>3)20/11.04.20-57262/-<br>4)45/11.05.20-68162/-<br>5)64/25.06.20-149753/-<br>6)210/23.11.20-42422/-<br>7)432/27.03.21-143156/-<br>8)439/29.03.21-65189/- |

സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ ആകെ 16 ഗുണഭോക്താക്കൾക്കാണ് പഠനമുറി നിർമ്മാണത്തിനായി ധനസഹായം നൽകിയത്. ഇവരിൽ വാസുദേവ് മനോജ്, കല്ലുംപാട്ട് (കെട്ടിടനം-12/625-A) എന്ന ഗുണഭോക്താവൊഴികെ ബാക്കിയുള്ളവർ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. വാസുദേവ് മനോജ് എന്ന വ്യക്തി 09/12/2019ൽ മുൻകൂറായി 50000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. അഡ്വാൻസ് തുക കൈപ്പറ്റി രണ്ട് വർഷം പിന്നിട്ടിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത ടി ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി-22/22.5.22) മേൽ ഗുണഭോക്താവ് സൺഷേഡ് പൊക്കം വരെ ഭിത്തി കെട്ടിയിട്ടുണ്ടെന്നും തുടർനിർമാണം പൂർത്തിയാക്കണമെന്ന് പല പ്രാവശ്യം നേരിലും കത്ത് മുഖേനയും ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും 2021-22 വർഷം വരെ പ്രോജക്ട് നിലവിൽ ഉള്ളതിനാലാണ് ടിയാനെതിരെ നടപടികൾ സ്വീകരിക്കാതിരുന്നതെന്നും വിശദീകരിച്ചു. അടിയന്തിരമായി നിർമ്മാണം പൂർത്തീകരിക്കുവാൻ ഗുണഭോക്താവിനോട് ആവശ്യപ്പെടേണ്ടതും നിർമ്മാണം പൂർത്തീകരിക്കുവാൻ ടിയാന് കഴിയുന്നില്ല എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പദ്ധതി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 സാമൂഹ്യസുരക്ഷപെൻഷൻ -മരണപ്പെട്ടവരുടെ പെൻഷൻവിതരണത്തിലെ അപാകതകൾ

2020-21 വർഷത്തെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെതുടർന്ന് പെൻഷൻവിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഏതാനം ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. ഡി.ബി.റ്റി സ്റ്റാറ്റസ് അനുസരിച്ച് സേവന സോഫ്റ്റ്‌വെയറിൽ നിന്നും ഇവരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിലും മരണപ്പെട്ട തീയതിയ്ക്ക് ശേഷമുള്ള കാലയളവിലേയ്ക്ക് പ്രസ്തുത ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള തുകകൾ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

| ക്രമ | ഗുണഭോക്താവിന്റെപേര്, | മരണപ്പെട്ട | ഡിബിറ്റി വിതരണ വിവരം | റിമാർക്സ് |
|---|---|---|---|---|

| നം. | പെൻഷൻ ഐ.ഡി, പെൻഷൻ ഇനം, കൈമാറുന്ന രീതി | തീയതി(ഡെത്ത് രജിസ്റ്റർ പ്രകാരം) | | |
|---|---|---|---|---|
| 1 | കെ,കെ,കുട്ടപ്പൻ<br>106770400177<br>വികലാംഗപെൻഷൻ<br>DTH(സഹകരണബാങ്ക്) (വടവുകോട്) | 28.12.2018 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്.ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 5600/-രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് | തുക കൈമാറുവാൻ സാധിച്ചിട്ടില്ല. |
| 2 | കുഞ്ഞാളി അയ്യപ്പൻ<br>106770200054<br>വാർധക്യ പെൻഷൻ<br>DTH(സഹകരണബാങ്ക്) (വടവുകോട് ) | 17.01.2019 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്.ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 7500/-രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് | തുക കൈമാറുവാൻ സാധിച്ചിട്ടില്ല. |
| 3 | വർക്കി പൈലി<br>106770200698<br>വാർധക്യ പെൻഷൻ<br>DTH(സഹകരണബാങ്ക്) (വടവുകോട് ) | 21.01.2019 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്.ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 7500/-രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് | തുക കൈമാറുവാൻ സാധിച്ചിട്ടില്ല. |
| 4 | കുഞ്ഞാളി<br>106770100147<br>കർഷക തൊഴിലാളി പെൻഷൻ<br>DTH(സഹകരണബാങ്ക്) (വടവുകോട് ) | 05.01.2019 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്.ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 5600/-രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് | തുക കൈമാറുവാൻ സാധിച്ചിട്ടില്ല |
| 5 | മറിയാമ്മ കുര്യാക്കോ<br>106800100370<br>കർഷക തൊഴിലാളി പെൻഷൻ<br>DTH(സഹകരണബാങ്ക്) | 10.01.2019 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്.ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 5600/-രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് | തുക കൈമാറുവാൻ സാധിച്ചിട്ടില്ല |
| 6 | മേരി ചാക്കോ<br>106770600305<br>വിധവ പെൻഷൻ<br>DTH(സഹകരണബാങ്ക്) (വടവുകോട് ) | 06.02.2019 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്.ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 5600/-രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് | തുക കൈമാറുവാൻ സാധിച്ചിട്ടില്ല |
| 7 | കൊച്ചോൾ തേവൻ<br>106770100352<br>കർഷക തൊഴിലാളി പെൻഷൻ<br>DTH(സഹകരണബാങ്ക്) (വടവുകോട് ) | 28.01.2019 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്.ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 5600/-രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് | തുക കൈമാറുവാൻ സാധിച്ചിട്ടില്ല |
| 8 | അർജ്ജുനൻ .എൻ.കെ<br>106770200361<br>വാർദ്ധക്യകാല പെൻഷൻ<br>DTH(സഹകരണബാങ്ക്) (വടവുകോട് ) | 11.02.2019 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്.ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 7500/-രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് | തുക കൈമാറുവാൻ സാധിച്ചിട്ടില്ല |

മേൽ തുകകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ലായെങ്കിലും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടുണ്ടോയെന്നത് വ്യക്തമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം.08/20.05.2020) മറുപടിയായി വടവുകോട് സഹകരണബാങ്കിൽ നിന്നും 26.08.19 തീയതിയിൽ 333700/-രൂപ മിഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ അക്നോളഡ്ജ്മെന്റ് പകർപ്പ് ഹാജരാക്കി.എന്നാൽ സൂചിത ഗുണഭോക്താക്കളുടെ (ക്രമ.നം 5 ഒഴികെ) പെൻഷൻ തുക പ്രസ്തുത തുകയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ പേര്,അക്കൌണ്ട് നം, തിരികെ അടവാക്കിയ തുകയുടെ വിവരങ്ങൾ എന്നിവയുൾപ്പെടുന്ന സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതാണ്.

ക്രമ.നം-5,മറിയാമ്മ കുര്യാക്കോ എന്ന ഗുണഭോക്താവിന്റെ അക്കൗണ്ട് വടവ്കോട് എസ്.സി.ബി.യിൽ അല്ലായെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളതിനാൽ ആയത് മറ്റേത് സഹകരണ ബാങ്കിലാണെന്ന് വ്യക്തമാക്കേണ്ടതും സമാന

വിവരങ്ങൾ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്.
II

| ക്രമ നം. | ഗുണഭോക്താവിന്റെപേര്, പെൻഷൻ ഐ.ഡി, പെൻഷൻ ഇനം, കൈമാറുന്ന രീതി | മരണപ്പെട്ട തീയതി | ഡിബിറ്റി വിതരണ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | പെണ്ണമ്മ കുഞ്ഞപ്പൻ<br>106770100166<br>കർഷക പെൻഷൻ<br>Through Bank-(UBI) | 25.01.2019 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്. ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 5600/-രൂപ അക്കൗണ്ടിൽ (UBI-338802010106084) നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. | |
| 2 | അംബിക.എസ്.നായർ<br>106770600450<br>വിധവ പെൻഷൻ<br>Through Bank-(UBI) | 16.02.2019 | നവംബർ 2018 വരെ തുക കൈപ്പറ്റിയിട്ടുണ്ട്.ശേഷമുള്ള ഒരു ഗഡുതുക (2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവ്) 5600/-രൂപ അക്കൗണ്ടിൽ (UBI-338802010107373) നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. | തുക അക്കൌണ്ടിൽ നിക്ഷേപിച്ചു |

മരണപ്പെട്ടതിന് ശേഷവും ടിയാളുകളുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കപ്പെട്ട പെൻഷൻ തുകകൾ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ടിലേയ്ക്ക് തിരികെ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് യൂണിയൻ ബാങ്കിന്റെ 24.05.2022 തീയതിയിലുള്ള കത്താണ് ഹാജരാക്കിയത്.നോമിനികളുമായി ബന്ധപ്പെട്ട് പെൻഷൻ തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നാണ് ടി കത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ബാങ്കുമായി ബന്ധപ്പെട്ട് മേൽ രണ്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് അവരുടെ മരണ തീയതിയ്ക്ക് ശേഷം നിക്ഷേപിക്കപ്പെട്ട പെൻഷൻ തുക (11200/-രൂപ) സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-35 സർക്കാർ ധനസഹായത്തിൽ വാങ്ങിയ ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് | ലൈഫ് പദ്ധതി-മൂന്നാം ഘട്ടം- സ്ഥലം വാങ്ങൽ(ജനറൽ),35/21 |
| നിർവ്വഹണം | വി.ഇ.ഒ,അമ്പലമേട് |
| അടങ്കൽ | 60,00,000<br>1400000-വികസന ഫണ്ട്<br>600000-ബ്ലോക്ക് വിഹിതം<br>4000000-ജില്ലപഞ്ചായത്ത് |

| | |
|---|---|
| ചെലവ് | 2599518,<br>(1400000-വികസന ഫണ്ട്<br>1199518-ജില്ലപഞ്ചായത്ത്) |
| | വികസന ഫണ്ട്<br>1)2/20-21,10/07/20- 200000/-<br>2)4/20-21,10/08/20- 600000/-<br>3)5/20-21,10/08/20- 600000/-<br>ജില്ലപഞ്ചായത്ത്<br>4)8/20-21,28/09/20- 200000/-<br>5)9/20-21,10/11/20- 200000/-<br>6)10/20-21,04/10/20- 400000/-<br>7)11/20-21,08/01/21- 200000/-<br>7)13/20-21,19/02/21- 199518/- |

ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്ന മേൽ പദ്ധതിയിൽ 2020-21 ൽ ഭൂമി ലഭിച്ച 13 ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾ ഭൂമിയുടെ ആധാരം രജിസ്റ്റർ ചെയ്ത് വാങ്ങിയതിൽ സ്ഥലവിലയ്ക്കനുസരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി കൂടി അടവാക്കിയതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 1 | റോസി ആന്റണി മാത്തിപ്പറമ്പിൽ കരിമുഗൾ | പൈലി.പി.വി പുത്തൻപുരയ്ക്കൽ രാജർഷി പുത്തൻകുരിശ് | 8/20-21, 28/09/20- 200000/- | 2423/20, 24.07.20 | 37500 |
| 2 | മോഹനൻ.കെ.എ കടമ്പറയിൽ കാണിനാട് | രമണി.പി.എൻ, (മുക്ത്യാർ ഏജന്റ്- ജോസഫ് സൈമൺ.പി) | 11/20-21, 08.01.21, 200000/- | 2830/20 18.08.20 | 19750 |

സ.ഉ(പി)നം.113/2020/ടാക്സസ്, തീയതി-08.09.2020, സ.ഉ(പി)നം.114/2020/ടാക്സസ്,തീയതി 08.09.2020 ഉത്തരവുകൾ പ്രകാരം സർക്കാർ നൽകുന്ന ധനസഹായത്തിൽ വാങ്ങുന്ന ഭൂമിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കിയതായി വ്യക്തമാക്കിയിട്ടുള്ളതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവിലെ പ്രസ്തുത ആനുകൂല്യം ലഭ്യമാകാതെ പോയിട്ടുണ്ട്. ആയതിന് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം.39/25.5.22) ഭാവിയിൽ ശ്രദ്ധിച്ചുകൊള്ളുന്നതാണെന്ന് മറുപടി നൽകി. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവനുസരിച്ചുള്ള ഇളവുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുവെന്ന് പ്രോജക്ട് നിർവ്വഹണവേളയിൽ നിർവ്വഹണദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണെന്നറിയിക്കുന്നു. വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-36 ബയോഗ്യാസ് പ്ലാന്റ് പുറ്റുമാനൂർ-പ്രവർത്തനക്ഷമമാക്കേണ്ടതാണ്

വി.ഇ.ഒ പുത്തൻകുരിശ് നിർവഹണോദ്യോഗസ്ഥയായി 2018-2019 വർഷം നടപ്പാക്കിയ പൊതുസ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ എന്ന പദ്ധതിയിലൂടെ (നം.306/19) വടവുകോട് ഗവ.എൽ.പി.സ്കൂൾ, കുറ്റ എൽ.പി സ്കൂൾ, പുറ്റുമാനൂർ ഗവ.യുപി സ്കൂൾ എന്നിവിടങ്ങളിൽ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ മുഖേന ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിരുന്നു. മൂന്ന് സ്കൂളുകളിലേയും പ്ലാന്റുകൾ പ്രവർത്തനം ആരംഭിച്ച് 6 മാസത്തിനുള്ളിൽ തകരാറിലാകുകയും ഏജൻസിയുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വടവുകോട്, കുറ്റ സ്കൂളുകളിലെ പ്ലാന്റുകൾ മാത്രം റിപ്പയർ ചെയ്ത് നൽകുകയും ചെയ്തു. എന്നാൽ പുറ്റുമാനൂർ സ്കൂളിലെ പ്ലാന്റിന്റെ തകരാർ പരിഹരിച്ചിരുന്നില്ല. ആയതിലേയ്ക്ക് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ആലുവ സോഷ്യൽ എക്കണോമിക് ഫൗണ്ടേഷനോട് ആവശ്യപ്പെടുവാൻ 22.10.2020 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി മിനിറ്റ്സ് പരിശോധനയിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ (തീരുമാനം നം-1(6). തുടർനടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (നം.10/20.05.22) നൽകുകയുണ്ടായി. കോവിഡ് മൂലം കുട്ടികൾ ഇല്ലാതിരുന്നതിനാൽ നാളിതുവരെ തകരാർ പരിഹരിച്ചിട്ടില്ലായെന്നും ഏജൻസിയെ വിവരമറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകി. SEF മായി ബന്ധപ്പെട്ട് വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി പ്ലാന്റിന്റെ തകരാർ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്നറിയിക്കുന്നു.

## 1-37 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം

1996-97 മുതൽ 2019-20 വർഷം വരെയുള്ള കാലയളവിലായി ആകെ 23 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട് (ഖണ്ഡിക-4-11കാണുക).ഇതിൽ 2015-16 മുതൽ 2019-20 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ റിപ്പോർട്ടുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1)സ്ഥാപന തൊഴിൽ നികുതി ഇനത്തിലുള്ള കുടിശ്ശിക മുഴുവനായി ഈടാക്കിയിട്ടില്ല.(2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.2-4)

2) വിവിധ വിനിയോഗപ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിലും കെ.എസ്.ഇ.ബിയിലും നിക്ഷേപിച്ച 276391/- രൂപയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ തടസം തുടരുന്നു. (2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-2)

3) PMAY യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 80000/-രൂപയുടെ തടസം ഒഴിവായിട്ടില്ല (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക.3-3)

4)സാക്ഷരതാപ്രേരക്മാർക്ക് അനുവദിച്ച 102320 /- രൂപ സാക്ഷരതാമിഷനിൽ നിന്നും ലഭിക്കുന്നതിനുള്ള

നടപടികളെടുത്ത് പരാമർശം ഒഴിവാക്കിയിട്ടില്ല (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക.3-8)

5)പച്ചക്കറി മാർക്കറ്റിൽ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച പരാമർശവും തീർപ്പാക്കിയിട്ടില്ല (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-2-3)

6)പുറ്റമാനൂർ സ്കൂളിലെ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാത്തതിനാൽ 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക1-24ാം നമ്പർ പരാമർശവും നിലനിൽക്കുന്നു.
7)നിർണയത്തിലെ അപാകത മൂലം കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലമുള്ള നഷ്ടം കെട്ടിടയുടമയിൽ നിന്നും പൂർണമായി ഈടാക്കി പരാമർശം തീർപ്പാക്കിയിട്ടില്ല. (2019-20 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-1)
8)വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാലുള്ള 2292474/- രൂപയുടെ തടസ്സവും നീക്കിയിട്ടില്ല (2019-20 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 1-26)

അവസാന അഞ്ച് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. മേൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ മുഴുവൻ പരാമർശങ്ങളും തീർപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 പകൽവീട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തില്ല

വടവുകോട് ബ്ലോക്ക്പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന് വടവുകോട് തന്നെയുള്ള വയലുംപാട്ട് എന്ന സ്ഥലത്ത് പകൽവീട് നിർമ്മിച്ച് കൈമാറിയിരുന്നു. എന്നാൽ ഈ കെട്ടിടം നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചില്ല. ആയതിനാൽ ഈ കെട്ടിടം സാമൂഹിക വിരുദ്ധരുടെ താവളമായി മാറുന്നു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വടവുകോട് ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ 19.05.2020 ലെ 3(1)തീരുമാന പ്രകാരം വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന് കൈമാറിയ പകൽവീട് വടവുകോട് ബ്ലോക്ക്പഞ്ചായത്ത് തിരിച്ചെടുക്കുവാൻ തീരുമാനിച്ചു. ഇത്തരത്തിൽ പകൽവീട് പ്രവർത്തനക്ഷമമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.26/23.05.2022)നൽകിയതിന് ലഭിച്ച മറുപടിയിൽ 2022-23 സാമ്പത്തിക വർഷം പകൽവീട് ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. ഈ കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയെ ചുമതലപ്പെടുത്തുന്നു.

## 1-39 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചാത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2003 മുതൽ പഞ്ചായത്തിൽ ലഭിച്ച ഡെപ്പോസിറ്റുകൾ നിലവിലും തിരികെ നൽകാതെ ശേഷിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് (Vol. I)ആർട്ടിക്കിൾ 282(1) പ്രകാരം അവകാശികൾ തിരികെ ആവശ്യപ്പെടാതെ 3 വർഷത്തിലധികം നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. വടവുകോട് ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രികയിലെ B17 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ അവശേഷിക്കുന്ന തുക ₹68,47,436/- ആണ്. ഇതിൽ Other Deposit എന്ന ഹെഡ്ഡിൽ മാത്രം₹36,61,085/- അവശേഷിക്കുന്നുണ്ട്. ഇതിൽ കാലഹരണപ്പെട്ടവ ഏതൊക്കെയെന്ന് കണ്ടെത്തി ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-40 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O(Rt) No.288/14/I&PRD Dated 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. വൗച്ചർ നമ്പർ 22000458/24.7.20 പ്രകാരം മാതൃഭൂമിയിൽ പരസ്യം ചെയ്തതിന് പഞ്ചായത്തിന് ₹20684/- ചെലവായിട്ടുണ്ട്. എന്നാൽ മാതൃഭൂമിയിൽ നിന്ന് ലഭ്യമായ ബിൽ നമ്പർ 321000016714/2.7.20 (₹12852/-) 321000013891/21.6.20 (₹7832/-) എന്നിവ പ്രകാരം പരസ്യ ചാർജിന് ഡിസ്കൗണ്ട് ലഭ്യമായില്ല. പത്രത്തിൽ പരസ്യം നൽകുന്ന അവസരത്തിൽ അർഹതപ്പെട്ട ആനുകൂല്യം നേടിയെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-41 വിതരണം ചെയ്ത മുഴുവൻ കന്നുകുട്ടികളെയും ഇൻഷ്വർ ചെയ്തില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ടിന്റെ പേര്/ നമ്പർ | വനിതകൾക്ക് കന്നുകുട്ടി വാങ്ങി നൽകൽ ( 182/21) |
| അടങ്കൽ | ₹512000/- |
| ചെലവ് | ₹512000/- |

മേൽ പദ്ധതി പ്രകാരം 32 പേർക്ക് കന്നുകുട്ടികളെ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇൻഷ്വറൻസ് രേഖകൾ പ്രകാരം ആകെ 25 കന്നുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമായത്. ശേഷിക്കുന്ന 7 കന്നുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32) ലഭ്യമാക്കിയ മറുപടിയിൽ ഇവയെ നിലവിലും ഇൻഷ്വർ ചെയ്തിട്ടില്ല എന്നും, താമസം വിനാ ഇൻഷ്വർ ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. വിതരണം ചെയ്ത എല്ലാ കന്നുകുട്ടികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-42 ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2020-21 ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവുണ്ടായിരുന്ന 2000/-രൂപ ഓഡിറ്റ് എൻക്വയറി (നം.7/20.5.2022) പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം ഈടാക്കിയിട്ടുണ്ട്.

| ക്രമ | /സ്ഥാപന | ജീവനക്കാ | അർദ്ധ | ഈടാക്കിയ |
|---|---|---|---|---|

| നം | ത്തിന്റെ പേര് | രന്റെ പേര് | വാർഷിക വരുമാനം | തുക /രസീത് നം./തീയതി |
|---|---|---|---|---|
| 1 | മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് | ഏബിൾ മാത്യൂസ് | 127386/- | 250/- 1220100776/ 21.5.2022 |
| 2 | ഇന്നവോറ്റീവ് സോഫ്റ്റ്വെയറ് ലാബ്സ് പ്രൈ.ലിമിറ്റഡ് | മാത്യൂ സെബാസ്റ്റ്യൻ | 235380/- | 1250/- 1220100779/ 21.5.2022 |
| | | വിഷ്ണു സുരേഷ് | 153000/- | |
| | | അനുജോസ്. പി | 141000/- | |
| 3 | ബിറ്റുമിനെക്സ് | മിസിസ് സുജ ബേബി | 129600/- | 250/- 1220100777/ 21.5.2022 |
| 4 | സബ് രജിസ്ട്രാർ ഓഫീസ് ,പുത്തൻകുരിശ് | സ്മിത.പി അപ്പുക്കുട്ടൻ | 126188/- | 250/- 1220100780 /21.5.2020 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രിക പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 275000 | 08/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 275000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 275000 | 08/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 275000 | 0 |
| " | 2020-21 | 1199518 | 35/21, ലൈഫ് ഭവന പദ്ധതി-സ്ഥലം വാങ്ങൽ | 1199518 | 0 |
| " | 2020-21 | 250000 | 196/21, ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 250000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 211/21, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ | 0764544, 25.02.2020 | 150857 | 150757 | 100 |
| കെ.എസ്. ഇ.ബി | 419/21, പന്നിക്കുഴി ക്ഷേത്രം റോഡ് സ്ട്രീറ്റ് മെയിൻ | 150857 | 86100 | 86072 | 28 |
| കെ.എസ്. ഇ.ബി | 450/21, അമൃത കടീരം സമഗ്ര വികസനം-പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ | 150858 | 89833 | 89833 | 0 |
| കേരള വാട്ടർ അതോറിറ്റി | 412/21, വാട്ടർ ലൈൻ എക്സ്റ്റൻഷൻ, വാർഡ് 15&8 | 843911, 19.06.2020 | 920000 | 920000 | 0 |
| കേരള വാട്ടർ അതോറിറ്റി | 415/21, മഹിമത്താഴം ഓലിത്തടം റോഡ് വാട്ടർ ലൈൻ എക്സ്റ്റൻഷൻ | 088083, 10.02.2021 | 210000 | 200000 | 10000 |
| കേരള വാട്ടർ അതോറിറ്റി | 414/21, മൊതാൽ സാംസ്കാരിക നിലയം കടിവെള്ള കണക്ഷൻ | 088084, 10.02.2021 | 364000 | 302000 | 62000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 64606332 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | - |
| ആകെ | 64606332 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 26882449 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 37723883 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243407 | 7552288 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243406 | 7552283 |
| 3 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243408 | 7552288 |
| 4 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243409 | 7552288 |
| 5 | എറണാകുളം ജില്ല സഹകരണ ബാങ്ക്, ചൂണ്ടി | 051345000001777 | 633268 |
| 6 | വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 33046 | 6881468 |
| ആകെ | | | 37723883 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16829/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 3-1 | 1309 | ശ്രീ ജോമോൻ ടി പി, അസി.എഞ്ചിനിയർ | 12002010197/ 27.07.2020 |
| ,, | 3-2 | 14553 | ,, | 12002010198/ 27.07.2020 |

| | | | | |
|---|---|---|---|---|
| ,, | 1-21 | 967 | ,, | 12002010213/ 28.07.2020 |
| ആകെ | | 16829 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാംവകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2000-2001 | 3(a) | 2004-05 | 3.7.1.2.2(1) | വീടുള്ളവർക്ക് വീട് നൽകി യതിലെ തടസ്സം | റവന്യു റിക്കവറി പ്രകാരം തുക ഈടാക്കിയതായി അറിയിച്ചിട്ടുണ്ട് |
| 2000-2001 | 3(b) | 2004-05 | 3.7.1.2.2(2) | റെജിമോൻ ചക്കരേടത്ത്, കരിമുകൾ - തടസ്സം | റവന്യൂറിക്കവറി പ്രകാരംതുക ഈടാക്കിവരുന്നു. |
| 2013-14 & 14-15 | 2-2 | 2016-17 | അനുബന്ധം 4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1.മാവേലി സ്റ്റോറിന്റെ തൊഴിൽ നികുതി 5000/- രൂപ 15/6/2016 ലെ രസീത് നം. 1160210553 പ്രകാരം ഈടാക്കിയെ ന്നറിയിച്ചിട്ടുണ്ട്.<br>2. മാവേലി സ്റ്റോർ കരിമുകൾ- നികുതി ഈടാക്കുവാൻ കഴിയുകയില്ല എന്നറിയിച്ചിട്ടുണ്ട്.<br>3.തുക ഈടാക്കി യിട്ടില്ല.<br>4.ബിവറേജസ് കോർപ്പറേഷന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്<br>5.തുക ഈടാക്കി യിട്ടില്ല. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2690 രൂപ ഈടാക്കണം | തുക 2690 രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| 2015-16 | 2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി സ്ഥാപന ങ്ങൾക്ക് നോട്ടീസ് നൽകിയില്ല | പരാമർശത്തിലെ 56 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി യതിൽ 37 സ്ഥാപ നങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയെ ന്നറിയിച്ചിട്ടുണ്ട്. മറ്റ സ്ഥാപനങ്ങളിൽ ഓരോ അർദ്ധ വർഷത്തിലും 60 ദിവസത്തിൽ കൂടുതൽ തൊഴിലെടുക്കുന്നവർ ഇല്ല എന്ന് സ്ഥാപന ത്തിന് ബോധ്യപ്പെട്ടതായി അറിയിച്ചു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വടവുകോട്-പുത്തൻകരിശ് ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചാർജ്ജ്/സർചാർജ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ.

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 25<br>26 എ<br>26 ബി<br>27 | പി.കെ. ശിവൻ | LF18883/ Spl. Cell/ SC2/ 04, 19.09.04 (ചാർജ്) | 107<br>1225<br>758<br>91<br>------<br>2181 | ₹ 1557/- (8/82969 Dt 31.03.00, 62/82919 Dt 31.03.00) | - | - | - | 1557 | 624 |
| 2 | 1999-00 | 43(1) | പി.എൻ. രാജമ്മ | LF3510/ Spl Cell/ CSC3/06, 01.02.08 | 10000 | | | | | | 10000 |
| 3 | 2004-05 | 3-4(എ)<br>3-4(ബി)<br>3-4(സി)<br>3-4(ഡി) | ബി.സി. രാധാകൃഷ്ണൻ | LF2723/ CS3/ 10, 27.03.10 | 9614 | | | | | | 9614 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 177391378.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 168598973.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 793569.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി'യിലേയും 'സി'യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 46264 | ഡോ. വിനോദ് പൗലോസ്., മെഡിക്കൽ ഓഫീസർ, PHC |
| 1-26 | 302000 | ശ്രീ. പ്രസാദ്. പി.എൻ, സെക്രട്ടറി |
| 1-27 | 87468 | ശ്രീ.മണികണ്ഠൻ സി, സെക്രട്ടറി |
| 1-28 | 32390 | ശ്രീ.മണികണ്ഠൻ സി, സെക്രട്ടറി |
| 1-32 | 325447 | ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി |
| ആകെ | 793569.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25(ജി.എസ്.ടി) | 23413 | ശ്രീ.മണികണ്ഠൻ സി., സെക്രട്ടറി, വടവ്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി | സെക്രട്ടറി, പായിപ്ര ഗ്രാമപഞ്ചായത്ത് | ചാമക്കാലായിൽ വീട്, വടയമ്പാടി.പി.ഒ. |
| ശ്രീ.മണികണ്ഠൻ സി., സെക്രട്ടറി | സെക്രട്ടറി, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് | അമ്പാട്ട് ഹൗസ്, മൂക്കന്നൂർ.പി.ഒ |
| ശ്രീ. പ്രസാദ്. പി.എൻ, സെക്രട്ടറി | സെക്രട്ടറി, വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | പുത്തൻവീട്ടിൽ, തെങ്ങോട് |
| ഡോ. വിനോദ് പൗലോസ്., മെഡിക്കൽ ഓഫീസർ, PHC | DMO എറണാകുളം | എടപ്പങ്ങാട് ഹൗസ് മുളന്തുരുത്തി. പി.ഒ Pin: 682314 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.1) 158/98/ 13.11.1998 | 2 |
| 1997-98 | എൽ.എഫ്.ഇ.(പി.1) 1049/98/ 02.07.1999 | 3 |
| 1998-99 | എൽ.എഫ്.ഇ.(പി.1) 1352/00/ 16.07.2001 | 9 |
| 1999-00 | എൽ.എഫ്.ഇ.(പി.1) 871/01/ 05.11.2001 | 14 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 726/05/ 03.07.2006 | 4 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 1459/03/ 20.04.2004 (പ്ലാൻ) | 5 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 1459/03/ 20.04.2004 (പ്ലാൻ) | 6 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 727/05/ 06.07.2006 | 1 |
| 2002-03 | എൽ.എഫ്.ഇ.(പി.1)97/2007/ 18.10.2007 | 11 |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1014/07/ 08.07.2007 | 4 |
| 2004-05 | എൽ.എഫ്.ഇ.(പി.1) 570/09/ 10.07.09 | 3 |
| 2005-06 | എൽ.എഫ്.ഇ.(പി.1) 535/09/ 12.12.12 | 3 |
| 2006-07 | എൽ.എഫ്.ഇ.(പി.1) 588/10/ 25.10.2011 | 1 |
| 2007-08 | എൽ.എഫ്.ഇ.(പി.1) 815/10/ 25.10.2011 | 14 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ.(പി.1) 1634/12/ 12.12.12 | 7 |
| 2011-12 | എൽ.എഫ്.ഇ.(പി.1) 12/2014/ 12.02.14 | തീർപ്പാക്കി |
| 2012-13 | എൽ.എഫ്.ഇ.(പി.1) 272/15 /06.03.2015 | 3 |
| 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.1) 239/16/12.02.2016 | 4 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2050/16/ 15.12.2016 | 5 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി.1) 1836/17/7.12.2017 | 5 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2025/18, 30.10.2018/17.12.2018 | 16 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.1) 01/20, 01.02.2020 | 44 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം. (പി.1) 488/21, 30.03.2021 | 48 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം .

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്